# SABARI HSS PALLIKURUP



# ***ACADEMIC MASTER PLAN***

## ***2025-26***

## ***(KG, LP, UP ,HS,HSS)***

# ആമുഖം

---------------

പാലക്കാട് ജില്ല, മണ്ണാർക്കാട് താലൂക്ക്, കാരാകുറുശ്ശി പഞ്ചായത്ത്, പള്ളികുറുപ്പ് ഗ്രാമത്തിൽ ഒരു നൂറ്റാണ്ട് പ്രവർത്തന പാരമ്പര്യവുമായി തല ഉയർത്തി നിൽക്കുന്ന സ്ഥാപനമാണ് ശബരി ഹയർസെക്കണ്ടറി സ്കൂൾപള്ളിക്കുറുപ്പ്.KG മുതൽ പ്ലസ്ടു ക്ലാസുകൾ വരെ മൂവായിരത്തിലധികം കുട്ടികളും 150 ൽ അധികം അധ്യാപകരും ഓഫിസ്, അടുക്കള, ബസ്, ലാബ് ജീവനക്കാരുൾപ്പെടെ മറ്റുജീവനക്കാരും ഇവിടെ ജോലി ചെയ്യുന്നു. എൽ പി, യു പി, എച്ച് എസ് ,എസ് എസ് എൽ സി, പ്ലസ് വൺ, പ്ലസ്ടു പരീക്ഷകളിൽ അഭിമാനകരമായ നേട്ടം വർഷങ്ങളായി തുടരുകയാണ്. ഓരോ വർഷവും അക്കാദമികവും കലാകായികപ്രവർത്തി പരിചയ മേഖലകളിലും സമഗ്ര വികസനത്തിന് ഉതകുന്ന ശിശുകേന്ദ്രീകൃതവും സൗഹൃദപരവും രസകരവുമായ അധ്യായനം ഉറപ്പാക്കുന്നതിനായി വൈവിധ്യങ്ങളായ പദ്ധതികൾ ഭാവനാപൂർണ്ണമായി ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുന്നതിന് ശാസ്ത്രീയവും ദീർഘവീക്ഷണവും ഉള്ള ഒട്ടേറെ പദ്ധതികളാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. ഒന്നൊന്നായി നടപ്പിലാക്കുക വഴി മികച്ചവലിയ നേട്ടവും പൊതുസമൂഹത്തിൽ ഖ്യാതി നേടാനും ഈ സ്ഥാപനത്തിന് കഴിയും .ഒരു അക്കാദമിക വർഷം മുഴുവനും സക്രിയമാക്കാനും ക്ലാസ്സ് റൂം പഠനം, എന്നിതിലുപരി ജീവിത മൂല്യങ്ങൾ നേടാനും ലഭ്യമായ അറിവുകൾ നിത്യജീവിതത്തിൽ പ്രാവർത്തികമാക്കാനും ഉള്ള വിവേകം കുട്ടികൾ സ്വായത്തമാക്കേണ്ടതുണ്ട്. കേവലം അറിവുകൾ പകർന്നു നൽകുന്ന കേന്ദ്രം എന്ന നിലയിൽ നിന്നും അറിവുല്പാദന കേന്ദ്രമാക്കി ഈ സ്ഥാപനത്തെ മാറ്റുക എന്നതാണ് ടീം ശബരി ലക്ഷ്യമിടുന്നത്. മികവിന്റെ കേന്ദ്രമായി നമ്മുടെ വിദ്യാലയത്തെ മാറ്റാൻ ഉതകുന്ന പദ്ധതികൾ വിഭാവനം ചെയ്യുന്നതിന് മധ്യവേനലവധിക്കാലത്ത് തന്നെ അധ്യാപക കൂട്ടായ്മയിലൂടെ ഒരു വർഷത്തേക്കുള്ള കർമ്മ പദ്ധതി ആവിഷ്കരിച്ചു. തീർച്ചയായും സ്കൂളിനെ പൊതുസമൂഹത്തിലും രക്ഷിതാക്കൾക്കും കുട്ടികൾക്കും ഇടയിൽ അംഗീകാരം വർദ്ധിപ്പിക്കുന്നതിനും കുട്ടികൾക്ക് അറിവിന്റെ പുതിയ വാതായനങ്ങൾ തുറന്നു കിട്ടുന്നതിനും അധ്യാപകർക്ക് ആത്മവിശ്വാസത്തോടെയും ക്രിയാത്മകമായും

തങ്ങളുടെ അധ്യാപനം സാധ്യമാക്കുന്നതിനും അക്കാദമിക് മാസ്റ്റർ പ്ലാൻ ഉപകരിക്കും. ഇതനുസരിച്ച് മാത്രമായിരിക്കും ഈ അധ്യായന വർഷം പഠനപ്രവർത്തനങ്ങൾ ആവിഷ്കരിക്കുക. സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് നിരന്തരമായി സൂക്ഷ്മതല ചർച്ചയിലൂടെ അംഗീകരിച്ചതുമായ പദ്ധതികൾ ക്രമമായി രേഖപ്പെടുത്തുന്നു.

കൺവീനർ
സ്കൂൾ റിസോർസ് ഗ്രൂപ്പ്

## ഉള്ളടക്കം

ശബരി ഹയർ സെക്കൻഡറി സ്കൂൾ പള്ളികുറുപ്പ് .................നാൾ വഴികളിലൂടെ

**മാനേജ്മെന്റ്**
**അധ്യാപക അധ്യാപകേതര -ജീവനക്കാർ**
**അധ്യാപക രക്ഷാകർതൃ സമിതി**
**വിദ്യാർത്ഥികൾ**

***ശബരി ചാരിറ്റബൾ ട്രസ്റ്റ്***

***മികവിന്റെ കേന്ദ്രമാക്കാൻ --------വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ***

**പ്രൈമറി വിഭാഗം**
**ഒന്നാം ക്ലാസ്സ്**
**രണ്ടാം ക്ലാസ്സ്**
**മൂന്നാം ക്ലാസ്സ്**
**നാലാം ക്ലാസ്സ്**
**അറബിക്**

## അപ്പർ പ്രൈമറി വിഭാഗം

വിദ്യാരംഗം കലാസാഹിത്യവേദി
അറബിക്
സംസ്കൃതം
ഇംഗ്ലീഷ്
ഹിന്ദി
സയൻസ്
സോഷ്യൽ സയൻസ്
മാത്സ്

## ഹൈസ്കൂൾ വിഭാഗം

വിദ്യാരംഗം കലാസാഹിത്യവേദി
അറബി
ഉർദു
സംസ്കൃതം
ഇംഗ്ലീഷ്
ഹിന്ദി
ഫിസിക്കൽ സയൻസ്
നാച്ചുറൽ സയൻസ്
സോഷ്യൽ സയൻസ്
മാത്സ്

പ്രവർത്തിപരിചയം

സവിധം

വർണ്ണം  സമ്മർ ക്യാമ്പ്

ഫ്ലെയിംസ്

ലഹരി വിരുദ്ധം ---അരുത്

ഹരിത വിദ്യാലയം

ഒരു സ്കൂൾ - ഒരു വിഷയം- ഒരു നോട്ട്

സർഗ്ഗം ആർട്സ് അക്കാദമി

ഇഫ ശബരി സ്പോർട്സ് അക്കാദമി

വർത്തമാന പത്രം - ദി ഡൗൺ  ,  നേര്

ദിനാചരണങ്ങൾ

കുടെ-ടീം ശബരിക്കൊപ്പം

Student Police Cadet

*സവിധം*

*വിജയശ്രീ*

*നാഷണൽ മീൻസ് സ്കോളർഷിപ്പ്*

*ലോവർ  സെക്കൻഡറി സ്കോളർഷിപ്പ്*

*അപ്പർ സെക്കൻഡറി സ്കോളർഷിപ്പ്*

*സ്കൗട്ട് ആൻഡ് ഗൈഡ്സ്*

*ജൂനിയർ റെഡ് ക്രോസ്*

*Yip ശാസ്ത്രപഥം 7*
*INSPIRE AWARD*

*ആർട്സ്*
*സ്പോർട്സ്*

*ടീൻസ് ക്ലബ്*

സയൻസ് പാർക്ക്

ഐ ടി ലാബ്

ശബരി സ്പോർട്സ് അക്കാദമി

സ്റ്റീം കിച്ചൺ

നഴ്സിംഗ് സ്റ്റേഷൻ

സ്കൂൾ ലൈബ്രറി

കാർഷിക ക്ലബ്

വർത്തമാന പത്രം

സുരക്ഷ ഇൻഷുറൻസ് പദ്ധതി

സ്കൂൾ കോഓപ്പറേറ്റീവ് സൊസൈറ്റി

ശതം@ശബരി പള്ളിക്കുറുപ്പ് -1926-2026

*സ്കൂൾ ഏറ്റെടുക്കുന്ന സ്വതന്ത്ര -സന്നദ്ധ പ്രവർത്തനം : പാഥേയം -സ്കൂൾ ചാരിറ്റി കൂട്ടായ്മ - ടീം ശബരി പള്ളികുറുപ്പ്*

## തിളക്കമാർന്ന നേട്ടങ്ങൾ 2023--24

| | |
|---|---|
| SSLC | 99% |
| PLUS TWO | 100% SCIENCE 100% COMMERCE 100% |
| NMMS | 7 |
| USS | 29 |
| LSS | 14 |
| State Kalolsavam | **5 *AGRADE*** |
| Sports | ***8 PARTICIPANTS*** |

## ഹയർസെക്കൻഡറി വിഭാഗം

**നാഷണൽ സർവീസ് സ്കീം**

**സൗഹൃദപ്രവർത്തനങ്ങൾ**

**കരിയർ ഗൈഡൻസ്**

**സ്സ്കൗട്ട് ആൻഡ് ഗൈഡ്സ്**

**വിദ്യാരംഗം കലാസാഹിത്യ വേദി**

**വിജയശ്രീ**

## ജീവനം

# ശബരി ഹയർ സെക്കൻഡറി സ്കൂൾ പള്ളികുറുപ്പ്... നാൾ വഴികളിലൂടെ

1926 ജൂൺ 16 ന് ഇപ്പോഴത്തെ ഹെൽത്ത് സെന്ററിന്റെ എതിർവശത്ത് ശ്രീ കാക്കശ്ശേരി അച്യുതൻ നായർ മാനേജരും ശ്രീ കോലാനി ഗോപാലകൃഷ്ണൻ നായർ ഹെഡ്മാസ്റ്ററും ശ്രീ എ.പി ഗോപാലപൊതുവാൾ സഹാദധ്യാപകനുമായി ഒന്നു മുതൽ നാലു വരെയുള്ള ഒരു പ്രാഥമിക വിദ്യാലയം ഓല ഷെഡ്ഡിൽ ആരംഭിച്ചു. അതാണ് ഇന്നത്തെ വിദ്യാലയത്തിന്റെ തുടക്കം. വിദ്യാലയത്തിന്റെ ആദ്യകാല സാരഥികൾ എന്ന നിലയിൽ എന്നെന്നും സ്മരിക്കപ്പെടേണ്ടവരാണ് ഇവർ. അന്നത്തെ ഒറ്റപ്പാലം ഡെപ്യൂട്ടി ഇൻസ്പെക്ടർ ആയിരുന്ന ശ്രീ കെ എൻ സുബ്രഹ്മണ്യ അയ്യർ ഈ പ്രദേശത്തിന്റെ ആവശ്യം മുന്നിൽകണ്ട് സ്കൂളിന് അംഗീകാരവും ഗ്രാന്റും ലഭ്യമാക്കി.

മൂന്നുവർഷം അതേ സ്ഥാനത്ത് ഒരു ഓല ഷെഡ്ഡിൽ ക്ലാസ്സുകൾ നടത്തി. പിന്നീട് കുറച്ചുകൂടി സൗകര്യപ്രദമായ സ്ഥലത്തിന് വേണ്ടി ഭൂഉടമയായിരുന്ന ശ്രീ ചേലനാട് കുട്ടികൃഷ്ണമേനോനെ സമീപിക്കുകയും അദ്ദേഹം സൗകര്യപ്രദമായ ഇപ്പോഴത്തെ സ്ഥലം അനുവദിക്കുകയും വിദ്യാലയം പ്രസ്തുത സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്തു. ഒരു വ്യാഴവട്ടത്തിനുശേഷം 1938 ൽ മാനേജ്മെന്റ് ശ്രീ കാക്കശ്ശേരി അച്യുതൻ നായരിൽ നിന്നും ശ്രീ വി പി കോന്തുണ്ണി മേനോന്റെയും 1948 ൽ ശ്രീ എ പി ഗോപാല പൊതുവാളുടെയും കൈകളിലൂടെ 1954 ൽ ശ്രീ മഠത്തിൽ മാധവൻ മാസ്റ്റർ അവർകളുടെ കൈകളിൽ എത്തി. കേവലം 23 വയസ്സിൽ

ഇതിന്റെ മാനേജ്മെന്റ് ഏറ്റെടുത്ത ശ്രീ മാധവൻ മാസ്റ്റർ സഹോദരൻ ശ്രീ മഠത്തിൽ നാരായണൻ നായരുടെയും പിതാവ് ബ്രഹ്മശ്രീ നഗറിൽ നാരായണൻ നമ്പൂതിരിയുടെയും സഹായത്താലും പ്രോത്സാഹനത്താലും ഇതിന്റെ ആദ്യ പടവുകൾ ചവിട്ടി കയറി. അദ്ദേഹത്തിന്റെ നിരന്തരമായ പരിശ്രമത്തിന്റെ ഫലമായി സ്കൂൾ പുരോഗതിയിലേക്കുള്ള യാത്ര തുടങ്ങി. 1940 മുതൽ ഈ സ്കൂളിലെ അധ്യാപകനും 1943 മുതൽ ഹെഡ്മാസ്റ്ററുമായി പ്രവർത്തിച്ച ശ്രീ ശങ്കരഗുപ്തൻ മാസ്റ്റർ വിദ്യാലയത്തിലെ വളർച്ചയിൽ നിർണായകമായ പങ്കു വഹിച്ചിട്ടുണ്ട്. 1968 ൽ ഇതൊരു അപ്പർ പ്രൈമറി സ്കൂൾ ആയി ഉയർത്തപ്പെട്ടു.

1976 ൽ കനക ജൂബിലി ഗംഭീരമായി ആഘോഷിക്കപ്പെട്ടു. ജൂബിലിക്ക് ഏതാനും വർഷം മുമ്പ് മുതൽ ബ്രഹ്മശ്രീ നഗറിൽ ഒ.എം വാസുദേവൻ നമ്പൂതിരിപ്പാടിന്റെ അധ്യക്ഷതത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ച് ഇതൊരു ഹൈസ്കൂൾ ആക്കി ഉയർത്താനുള്ള ശ്രമം ആരംഭിച്ചിരുന്നു. ഇതിനുമുന്നിൽ നിന്ന് പ്രവർത്തിച്ച ശ്രീ എപി ഉണ്ണികൃഷ്ണ പൊതുവാൾ മാസ്റ്റർ, ശ്രീ എപി ഹംസ Ex MLA, ശ്രീ കെ കെ ഭാസ്കരൻ നായർ, ശ്രീ സുകുമാരൻ ഉണ്ണി മാസ്റ്റർ Ex MLA തുടങ്ങിയവരുടെ സേവനങ്ങൾ എടുത്തു പറയേണ്ടതാണ്. സുവർണ്ണ ജൂബിലി വേളയിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി ശ്രീ ചാക്കീരി അഹമ്മദ് കുട്ടി തന്റെ പ്രസംഗത്തിൽ നിങ്ങൾക്ക് ഹൈസ്കൂൾ അനുവദിച്ചിരിക്കുന്നു എന്ന് പ്രസ്താവിച്ചു

1979 ൽ വിവിധ രാഷ്ട്രീയകക്ഷികളുടെയും നാട്ടുകാരുടെയും അധ്യാപകരുടെയും ശ്രീ മാധവൻ മാസ്റ്ററുടെയും കൂട്ടായ ശ്രമത്തിന്റെ ഫലമായി ഇതൊരു ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ടു. ഈ വിദ്യാലയത്തിന്റെ പ്രധാനധ്യാപകനായി 1981 ൽ പാലക്കാട് ബി ഇ എം സ്കൂളിലെ അധ്യാപകനായിരുന്ന ശ്രീ കെ നാരായണൻകുട്ടി മാസ്റ്റർ പ്രധാന അധ്യാപകനായി ചാർജെടുത്തു. ഇത് ഈ സ്കൂളിന്റെ ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഈ വിദ്യാലയത്തെ പാലക്കാട് ജില്ലയിലെ ഉന്നത

നിലവാരം പുലർത്തുന്ന ഒരു വിദ്യാലയമായി മാറ്റുവാൻ കഴിഞ്ഞു. വിദ്യാലയത്തിൻ്റെ സർവ്വതോന്മുഖമായ പുരോഗതിക്കായി ജീവിതാവസാനം വരെ ത്യാഗനിർഭരമായ സേവനം നടത്തിയ മാധവൻ മാസ്റ്റർ 1986 ൽ ദിവംഗതനായി.തുടർന്ന് 2002 ൽ ശബരി ട്രസ്റ്റ് ഏറ്റെടുക്കുന്നതു വരെ കെ.എ.ശാന്തകുമാരി ടീച്ചറായിരുന്നു മാനേജർ. ശ്രീ കെ നാരായണൻകുട്ടി മാസ്റ്റർക്ക് അദ്ദേഹത്തിന്റെ ത്യാഗോജ്ജ്വലമായ പ്രവർത്തനത്തിന്റെ ഫലമായി 1990 ൽ സംസ്ഥാന അധ്യാപക അവാർഡും 1996 ൽ ദേശീയ അവാർഡും ലഭിച്ചു.അതോടെ വിദ്യാലയത്തിന്റെ പ്രശസ്തിയും പതിന്മടങ്ങ് വർദ്ധിച്ചു. 1996 ൽ അദ്ദേഹം വിദ്യാലയത്തിൽ നിന്നും വിരമിച്ചു

തുടർന്ന് ശ്രീ കെ ദേവസ്യ പ്രധാന അധ്യാപകനായി ചാർജെടുത്തു. 1998 ൽ കെ. ആർ പ്രശാന്ത് സംസ്ഥാനത്ത്ഒമ്പതാം റാങ്ക് നേടി. 2002 ൽ ശബരി ചാരിറ്റബിൾ ട്രസ്റ്റ് സ്കൂൾ ഏറ്റെടുത്തു തുടർന്ന് ശ്രീ പി മുരളീധരൻ മാനേജർ ആയി ചുമതലയേറ്റു.

31 -3 -2008 ൽ കെ ദേവസ്യ മാസ്റ്റർ സർവീസിൽ നിന്നും വിരമിച്ചു.

1- 4 -2008 ന് കെ പി ശശിധരൻ പ്രധാനധ്യാപകനായി ചുമതലയേറ്റു 2014 ൽ ഈ സ്ഥാപനം ഹയർ സെക്കൻഡറിയായി ഉയർന്നു.തുടർന്ന് കെ പി ശശിധരൻ പ്രിൻസിപ്പൽ ഇൻ ചാർജ് ആയി ചുമതല നിർവഹിച്ചു 31 -5 -2017 ൽ കെ പി ശശിധരൻ സർവീസിൽ നിന്നും വിരമിച്ചു. 2018 മുതൽ എ ബിജു പ്രിൻസിപ്പൽ ഇൻ ചാർജ് ആയി ചുമതല നിർവഹിച്ചു വരുന്നു. 1- 6- 2017 മുതൽ 18 -11-2021 വരെ കെ ഹരിപ്രഭ ടീച്ചർ പ്രധാനാധ്യാപികയായി. 17 1- 2022 ന് പ്രശാന്ത് മാധവൻ എച്ച് എം ആയി ചുമതലയേറ്റു. 31- 5- 2023 ന് അദ്ദേഹം സർവീസിൽ നിന്നും വിരമിച്ചു. 1 -6 -2023 മുതൽ കെ രാമകൃഷ്ണൻ പ്രധാനാധ്യാപകനായി പ്രവർത്തിച്ചുവരുന്നു. സ്ഥാപനത്തെ മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടു പോവാൻ ടീം ശബരിക്ക്കരുത്തുറ്റ നേതൃത്വം നൽകി വരുന്നു.

# MANAGEMENT

| | |
|---|---|
| CHAIRMAN | SRI. SASIKUMAR |
| MANAGER | SRI.MURALEEDHARAN |

| | |
|---|---|
| PRINCIPAL | BIJU A |
| HEADMASTER | RAMAKRISHNAN K |

# അധ്യാപക അധ്യാപകേതര -ജീവനക്കാർ

| | | |
|---|---|---|
| 1 | GEETHA.S | MALAYALAM |
| 2 | RAMYA M | HINDI |
| 3 | ANUSREE KS | PHYSICS |
| 4 | ANILA VARGHESE | CHEMISTRY |
| 5 | HONEY JOES | BOTANY |
| 6 | ROOTH VARGHESE | ZOOLOGY |
| 7 | GEETHA P | COMMERCE |
| 8 | VASANTHAKUMARI T | COMMERCE |
| 9 | RENJU TR | ECONOMICS |
| 10 | RIYA DAS M | COMPUTER APPLICATION |

| | | |
|---|---|---|
| 12 | PREETHI VK | HST PHYSICAL SCIENCE |
| 13 | SREEJA KA | HST PHYSICAL SCIENCE |
| 14 | SAJNA KALLADI | HST PHYSICAL SCIENCE |
| 15 | VIDHYA P | HST PHYSICAL SCIENCE |
| 16 | SUKANYA P | NATURAL SCIENCE |
| 17 | DILEEPKUMAR ES | NATURAL SCIENCE |
| 18 | PRASEETHA T | NATURAL SCIENCE |
| 19 | RAMYAMOHAN P | MATHS |
| 20 | ANUPAMA PU | MATHS |
| 21 | SREEJAYA AJ | MATHS |
| 22 | MISHA KC | MATHS |

| | | |
|---|---|---|
| 23 | SREENATH P | MATHS |
| 24 | ZEENATH P | MATHS |
| 25 | LATHA MP | SOCIAL SCIENCE |
| 26 | SINDHU.KP | SOCIAL SCIENCE |
| 27 | SUNANDHA R | ENGLISH |
| 28 | BAGYALEKHA B | ENGLISH |
| 29 | BEENA MOL K | ENGLISH |
| 30 | PRIYAJA A | ENGLISH |
| 31 | RENJINI MR | ENGLISH |
| 32 | JINU GEORGE | ENGLISH |
| 33 | KALA PN | MALAYALAM |
| 34 | SAITHYA AB | MALAYALAM |
| 35 | VINEETHA PV | MALAYALAM |
| 36 | ROSHNI E | MALAYALAM |
| 37 | MINI G | HINDHI |
| 38 | SUNITHA R | HINDHI |
| 39 | SEENA KS | HINDHI |
| 40 | SHANIYA E | ARABIC |
| 41 | NASEEMA T | ARABIC |
| 42 | DEEPIKA K | SANSKRIT |
| 43 | EBRAHIM K | URDU |
| 44 | ANUMOL P VICE | PET |
| **45** | LILEEPKUMAR K | HST SOCIAL SCIENCE |
| **46** | VARGHESE M U | HST SOCIAL SCIENCE |
| **47** | SUDHA KP | HST ENGLISH |
| 48 | REKHA O | UPST |
| 49 | JYOTHILAKSHMI K | UPST |

| | | |
|---|---|---|
| 50 | SAJI K SAIMON | UPST |
| 51 | JADEERA MP | UPST |
| 52 | BINDHU G | UPST |
| 53 | N MUHAMMEDALI | UPST |
| 54 | ASHAKURIAN | UPST |
| 55 | SASIDHARAN CN | UPST |
| 56 | SINDHU KV | UPST |
| 57 | SHINY GEORGE | UPST |
| 58 | JYOTHILAKSHMI M | UPST |
| 59 | SUJATHA M | UPST |
| 60 | SUJITHA PS | UPST |
| 61 | GOPIKA G | UPST |
| 62 | BALAMANI K | UPST |
| 63 | SANGEETHA P | UPST |
| 64 | KRISHNATHULASI CN | UPST |
| 65 | VEENA RAGHU K | UPST |
| 66 | ANJITHA K | UPST |
| 67 | DIVYA THOMAS | UPST |
| 68 | SAJISH CK | UPST |
| 69 | SAJNA T | UPST |
| 70 | ANJANA CHACKO | UPST |
| 71 | SHEELA P | JR LANG TR HINDI |
| 72 | PRAJOOSH K | JR LANG TR HINDI |
| 73 | INDHU V | JR LANG TR HINDI |
| 74 | AYSHAKUTTY KM | JR LANG TR ARABIC |
| 75 | FATHIMA BISHARA O | JR LANG TR ARABIC |
| 76 | DHANYA KV | JR LANG TR SANSKRIT |
| 77 | NAVAS T | PET(UP) |

| | | |
|---|---|---|
| 78 | SULEELA K | LPST |
| 79 | CK NISHA | LPST |
| 80 | FOUSIYA PM | LPST |
| 81 | PRATHEEP K | LPST |
| 82 | PREETHI P | LPST |
| 83 | RANJIL CP | LPST |
| 84 | DHANYA KA | LPST |
| 85 | SHEENA C | LPST |
| 86 | SAJNA PP | LPST |
| 87 | BINITHA M | LPST |
| 88 | ANJU P | LPST |
| 89 | RAMYA PM | LPST |
| 90 | RESMI R NAIR | LPST |
| 91 | DIVYA CB | LPST |
| 92 | SARITHA VN | LPST |
| 93 | SARITHA KR | LPST |
| 94 | JOSHMA MD | LPST |
| 95 | ATHUL M | LPST |
| 96 | PRIYA TS | LPST |
| 97 | SREELAL A | LPST |
| 98 | SARITHA.KR | LPST |
| 99 | HEMA UNNIKRISHNAN | LPSA |
| 100 | PATHMAJA P | LPSA |
| 101 | ASMIN KAVANANCHEERI | JR LAN TR ARABIC |
| 102 | VIJAYAKUMARAN | CLERK |
| 103 | SURESH KUMAR C | CLERK |
| 104 | SAJEEV P | OA |
| 105 | ANOOJ | FTM |

| | | |
|---|---|---|
| 106 | AKHIL KRISHNA A | FTM |
| 107 | SAJI MON PC | LAB ASSISTANT |
| 108 | OMANA MC | LAB ASSISTANT |
| | | |
| | | |
| | | |

# വിദ്യാർത്ഥികൾ

| Sl No. | Class | Total Students |
|---|---|---|
| 1 | KG | 166 |
| 2 | First Standard | 125 |
| 3 | Second Standard | 138 |
| 4 | Third Standard | 147 |
| 5 | Fourth Standard | 168 |
| 6 | Fifth Standard | 257 |
| 7 | Sixth Standard | 288 |
| 8 | Seventh Standard | 265 |
| 9 | Eighth Standard | 430 |
| 10 | Ninth Standard | 408 |
| 11 | Tenth Standard | 397 |
| 12 | Plus one science | 60 |
| 13 | Plus one commerce | 60 |
| 14 | Plus two science | 60 |
| 15 | Plus two commerce | 60 |

# അക്കാദമിക  മികവിലേക്ക്--------- വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ

*Class 1*
*June-march*

*വിഷയം - മലയാളം*

*പാട്ട് അരങ്ങ്*

*പഠന നേട്ടം : വൈവിധ്യമുള്ള പാട്ടുകൾ പരിചയപ്പെടുന്നതിനും അവ ചെറു സദസിനു മുമ്പാകെ അവതരിപ്പിക്കുന്നതിനും കുട്ടികൾക്ക് അവസരം നൽകുന്നു.*

*പ്രവർത്തനം: പാട്ട രങ്ങുകളിൽ അവതരിപ്പിക്കുന്നു. താളത്തിനനുസരിച്ച് ആകർഷകമായി ചൊല്ലുന്നു.*

*പാഠപുസ്തകത്തിലെ വരികളും വായ്ത്താരികളും താളത്തോടെയും ഈണത്തിലും സ്വതന്ത്രമായി ചൊല്ലുന്നു.*

*സംയുക്ത ഡയറി*

*പഠന നേട്ടം : കുട്ടിയുടെ സ്വതന്ത്ര രചനാ ശേഷി വികസിപ്പിക്കുക. പരിചയിച്ച അക്ഷരങ്ങൾ പുതിയ രചന സന്ദർഭങ്ങളിൽ പ്രയോഗിക്കാൻ അവസരം ഒരുക്കുക.*

*പ്രവർത്തനം:*

*ക്ലാസ് പിടിഎ യോഗം വിളിച്ച് പ്രക്രിയ ബോധ്യപ്പെടുത്തൽ.*

*ഡയറി എഴുതുന്നതിനായി ഓരോ കുട്ടിക്കും ചെറിയ നോട്ടുബുക്ക് ഉറപ്പാക്കൽ.*

*എല്ലാ ദിവസവും ടീച്ചർ ഡയറി പരിശോധിക്കും.*

*സ്റ്റാറും ശരിയും സമ്മതത്തോടെയുള്ള തിരുത്തലും നടത്തും.*

ജനുവരി മുതൽ മാർച്ച് വരെയുള്ള കാലയളവിൽ തെരഞ്ഞെടുത്ത ഡയറി അച്ചടിച്ച് പ്രസിദ്ധീകരിക്കും.

വായനോത്സവം

പഠന നേട്ടം : ഒന്നാം ക്ലാസിൽ എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാർ ആക്കുക. രക്ഷിതാക്കളെ കുട്ടികളുടെ വായനയിൽ പങ്കാളിയാക്കുക.

പ്രവർത്തനം: ലൈബ്രറി ക്രമീകരിക്കൽ. കുട്ടിയും രക്ഷിതാവും ചേർന്നുള്ള വായന പരിചയപ്പെടുത്തൽ.
അമ്മ വായിച്ചു കേൾപ്പിച്ച കഥ ക്ലാസ്സിൽ പറയുന്നു. പുസ്തകം നോക്കി കുട്ടി തനിയെ വായിക്കുന്നു. കഥോത്സവം നടത്തുന്നു. അവധിക്കാലത്തും വായന.

നിർമ്മാണ ശില്പശാല
പഠന നേട്ടം : പരിസ്ഥിതി സൗഹൃദമായ കളി ഉപകരണങ്ങൾ പരിചയപ്പെടുത്തുക. കുട്ടികളുടെ കലാപരമായ ശേഷിയും കരവിരുതും വികസിപ്പിക്കുക.

പ്രവർത്തനം: ക്ലാസ് പിടിഎയിൽ കളിപ്പാട്ട നിർമ്മാണ ശില്പശാലയുടെ പ്രസക്തി ബോധ്യപ്പെടുത്തൽ. മുതിർന്നവരുടെ സഹായത്തോടെ കുട്ടികൾക്ക് ഉണ്ടാക്കാവുന്ന ലളിതമായ കളി ഉപകരണങ്ങളും കുട്ടികൾക്ക് രക്ഷിതാക്കൾ മാതൃക നോക്കി ഉണ്ടാക്കുന്നവയും. നിർമ്മിച്ച വസ്തുക്കളുടെ പ്രദർശനം.
രചനോത്സവം
പഠനനേട്ടം: സ്വതന്ത്ര രചന സർഗാത്മക ശേഷി വികാസം
പ്രവർത്തനം: രക്ഷിതാക്കൾക്ക് രചനോത്സവ ശിൽപ്പശാല.

കുട്ടികൾക്ക് സർഗാത്മക രചനയിൽ ഏർപ്പെടാൻ അവസരങ്ങൾ ഒരുക്കുന്നു.

വിഷയം: ഗണിതം

പഠന നേട്ടങ്ങൾ: ഗണിത പഠനം കൂടുതൽ ആസ്വാദ്യകരമായ വിഷയമാക്കി തീർക്കാനും പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും. സംഖ്യാബോധം സങ്കലനം വ്യവകലനം സംഖ്യാ വ്യാഖ്യാനം തുടങ്ങിയ പഠന നേട്ടം ലക്ഷ്യം വെച്ചുള്ള പ്രവർത്തനങ്ങൾ.

പ്രവർത്തനങ്ങൾ: ഗണിതകേളികൾ - ക്ലാസ് റൂമിൽ കുട്ടികൾക്കായി നിരവധി ഗണിതകേളികൾ നടത്തുന്നു.

മഞ്ചാടി സഞ്ചി - രക്ഷിതാക്കളുടെ സഹായത്തോടെ എല്ലാ കുട്ടികൾക്കും മഞ്ചാടി സഞ്ചി.

എന്റെ കുഞ്ഞു പുസ്തകം - എല്ലാ കുട്ടികൾക്കും എന്റെ കുഞ്ഞു പുസ്തകം നിർമ്മിക്കുന്നു.

വിഷയം: പരിസര പഠനം

പഠന നേട്ടങ്ങൾ: കുട്ടികളിൽ ശാസ്ത്രീയമായ അറിവുകൾ വളർത്തിയെടുക്കുക. തന്റെ പരിസരവുമായി ഇഴുകിച്ചേർന്നു പഠിക്കുന്നതിന്. ശാസ്ത്രബോധം വളർത്താൻ.

പ്രവർത്തനങ്ങൾ: പ്രകൃതി നടത്തം, നിരീക്ഷണങ്ങൾ( മരങ്ങൾ,പൂക്കൾ, ചെടികൾ പക്ഷികൾ,)

ആൽബം നിർമ്മാണം( പക്ഷികൾ, തുവലുകൾ പൂക്കൾ,പഴങ്ങൾ)

ശാസ്ത്ര പതിപ്പുകൾ
സ്കൂൾ പൂന്തോട്ടം നിർമ്മാണം
ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ.

English

Objectives:
1- all learners get interested in English learning.
2- all engage in games and group level activities.
3- listen to narratives and teacher talks and show signs of understanding verbally.
4- familiarise with English words denoting vehicles, animals, birds
5- familiarise with words denoting colours and numbers (1-10)
6- able to read conversations, songs and simple descriptions graphically.

Activities:
1- engage learners in English learning by using Puppets to tell stories and making the section interactive by having students ask and answer questions.
2- engaging learners in activities by playing games.
3- helping learners listen and understand by reading short stories.
4- familiarising learners with vocabulary by showing pictures.

*5- helping learners read conversations, songs and descriptions by using picture Books with simple sentences.*
*6- helping learners associate text with text books by providing text and images from their text books and asking them to match them correctly.*

# *class2*

*മലയാളം*

*പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല 'മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിൻ്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.*

*പ്രവർത്തന ലക്ഷ്യങ്ങൾ*

*രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.*

*രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.*

*ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കു...*

*ഗണിതം*

*ലക്ഷ്യം : ഗണിതചിന്താശേഷി വളർത്തൽ.*

*മുന്നൊരുക്കം*

** എസ് ആർ ജി കൂടുന്നു.*

** ക്ലാസ് പി ടി എ യി ൽ അവതരിപ്പിക്കുന്നു.*

പ്രവർത്തന ഘട്ടങ്ങൾ

*ഗണിതവുമായി ബന്ധപ്പെട്ട കാർഡുകൾ നിർമ്മിക്കുന്നു .

* ഗണിതം കളിയിലൂടെ ( പാഠഭാഗവുമായി ബന്ധപ്പെട്ടതോ അല്ലാത്തതോ ) അവതരിപ്പി ക്കുന്നു.

* ഓരോ കുട്ടിക്കും ഒരു മഞ്ചാടിസഞ്ചി . മഞ്ചാടിസഞ്ചിയിലെ സാധനങ്ങൾ ഉപയോഗി ച്ച് ഗണിതത്തിലെ

സങ്കലനം ,വ്യവകലനം , ഗുണനംതുടങ്ങിയവയിലെ പ്രാഥമിക അറിവുകൾ കുട്ടികൾ നേടുന്നു.

* പ്രായോഗിക സന്ദർഭങ്ങളു ടെ റോൾപ്ലേ നടത്തുന്നു.

* ഗണിത പുസ്തകങ്ങൾ പരി ചയപ്പെടുത്തുന്നു.

* സംഖ്യാഗാനങ്ങൾ പാടുന്നു, എഴുതുന്നു,വരികൾ കൂട്ടി ച്ചേർക്കുന്നു .

* കുസൃതി കണക്കുകൾ ഗണി തപസിലുകൾ തുടങ്ങിയവ പരിചയപ്പെടുന്നു.

* കുട്ടികൾസ്വന്തമായി കണ്ടെത്തിയ പസിലുകൾ രചനോത്സവത്തിൽ പ്രദർശിപ്പി ക്കുന്നു .

## English

Aim . : To speak, Read, & write English without any mistakes

Pretest

To develop listening skills & reading skills first

Listening skills

Games, Action songs Hello English activities,2 conversations, skit stories

Use ICT

Speaking skills

Descriptions, growing sentences , picture reading, picture description self intriduction.

Reading skills

News paper reading, library books reading, book review, reading breaking news, find words. collect and read past tense,rhyming words, describing words etc Textbook activities

Writing skills

Make word web, picture description, word chain sentence chain, make words,& sentences make riddles, conversations, Add more lines , develop

story, description , notice proclamation, diary letter Announcement, magazines

# class 3

മലയാളം

പഠനലക്ഷ്യം:

ഭാഷാപരമായ പിന്നോക്ക അവസ്ഥ പരിഹരിക്കൽ

പ്രവർത്തനം

ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ.

പഠന ലക്ഷ്യം

സാഹിത്യ പ്രതിഭകളെ അടുത്തറിയാം.

പ്രവർത്തനം

കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം

പുസ്തക ശേഖരണവും പ്രദർശനവും

പഠന ലക്ഷ്യം

വായന കളരി

ലൈബ്രറി ബുക്കുകളുടെ ശേഖരണവും പ്രദർശനവും

പഠന ലക്ഷ്യം

നാടൻ രുചികളെ അടുത്തറിയൽ

പ്രവർത്തനം

നാടൻ വിഭവങ്ങൾ ശേഖരിച്ച് പ്രദർശിപ്പിക്കുന്നു.

പഠന നേട്ടം

നാടൻ കലകളെ അടുത്തറിയൽ

പ്രവർത്തനം

പ്രാദേശികമായി ലഭ്യമാകുന്ന കലാകാരന്മാരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള അവതരണം

Academic master plan

——————————. English

Aim . : To speak, Read, & write English without any mistakes

Time - June to march

PRETEST

*To check the vocabulary and writing skills of pupils.*

*-To develop listening skills & reading skills*

*Listening skills*

*1-Games, Action songs Hello English activities*
*,2 -conversations, skit  stories*
*Use ICT*

*1-Identify the naming words from the picture.*
*2-Identify the action words from the same pictures*
*3-Make simple sentences using the action word and naming words about the picture*
*3-Make symbol description about the picture.*
*4- Growing sentences , picture reading, self introuctions*

*ACTIVITIES*
*- speech   , book review, quiz riddles,self introduction.  etc*

*Develop the creative speaking and writing*

*Reading skills*

*1-News paper reading, library books reading, book review, reading breaking news,*
*2-find words.*
*3-collect pictures*
*4-rhyming words,*
*5-describing words etc*
*6-Textbook activities*

*Writing skills*
*1-Make word web,*
*2-picture description with describing words,*
*3-word chain sentence chain,*
*4-make words,& sentences*
*5-make riddles, conversations,*
*4-Add more lines ,*
*ACTIVITIES - speech , quiz riddles,self introduction. School ,makes description magazines etc*

*To express thoughts feelings etc*

*Reading skill*

*1-News paper reading, library books reading,*
*2 -conversations, skit stories use ICT materials*
*3-Reads breaking news,*
*4--develop story,*
*5-Read notice*

*Writing skills*

*1-description ,*
*2-notice*
*3-Thought*
*ACTIVITIES - speech quiz riddles,. makes magazines, skits etc*

*1-Develop the creative speaking and writing*
*2-To express thoughts feelings etc*

*Reading skill*

*1-News paper reading, library books reading,*

*2 -conversations, skit  stories use ICT materials*
*3-Reads breaking news,*
*4--develop story,*
*5-Reads diary*
*6-Reads letters from friends*

*ACTIVITIES - speech   quiz riddles,. makes magazines, skits ,class room post office etc*
*February and march*

*To improve the presentation power*

*Reading skill*
*1-News paper reading, library books reading, book review, reading*
*2 -conversations, skit  stories use ICT materials*
*3-Reads breaking news,*
*4--develop story,*
*5-Reads diary*
*6-Reads letters from friends*

*Writing  skills*

*1-diary*
*2-letter*
*3-Announcement*
*4--description ,*
*5Thought*
*Evs Std 3*
*നിരീക്ഷണം*

*** പ്രകൃതിയെ അറിയാൻ*
*നിരീക്ഷണം,അറിവ് നിർമ്മാണം*
*പ്രവർത്തനം*
*പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പ്*
***ശാസ്ത്രം എളുപ്പമാക്കാം*

പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ ചെയ്യിക്കുന്നു.
**പുഷ്പമേള, ഇലയെ അറിയാം

പഠ ഭാഗവുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് പുഷ്പമേളയും ഇല ആൽബം പ്രദർശനവും നടത്തുന്നു

**രുചി അറിയാം

കുട്ടികൾക്ക് സാലഡ് നിർമ്മിക്കാനുള്ള അവസരം നൽകുന്നു *ട്രാഫിക് നിയമങ്ങളെ കുറിച്ച് അറയാം
ഐസിടി സാധ്യത ഉൾപ്പെടുത്തിട്രാഫിക് നിയമങ്ങൾ അറിയുന്നു
ഗണിതം (ജൂൺ to മാർച്ച്
പഠന ലക്ഷ്യം
ജാമിതീയ രൂപങ്ങളെ തിരിച്ചറിയാം
പ്രവർത്തനം
വിവിധതരം ജാമിതീയ രൂപങ്ങൾ നിർമ്മിക്കുന്നു
ചതുഷ്ക്രിയകൾ അറിയാൻ
മഞ്ചാടിക്കുരു വിവിധ തരം വസ്തുക്കൾ കുട്ടികൾക്ക് ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു
അളവുകൾ പരിചയപ്പെടാം
വിവിധ അളവ് പാത്രങ്ങൾ നിർമ്മിക്കുന്നു. അതിന്റെ പ്രദർശനം, പരിചയപ്പെടൽ
ഗണിത മൂല
ഗണിതശേഷികൾ വർദ്ധിപ്പിക്കാൻ ആവശ്യമായ സാമഗ്രികൾ നിർമ്മാണം ശേഖരണം പ്രദർശനം
ഗണിതകളി
ചതുഷ്ക്രിയകൾ ഉറപ്പിക്കാൻ പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ ഗണിത കളികളിൽ ഏർപ്പെടുന്നു.

## ക്ലാസ്സ് 4 june- march

ഭാഷ
പഠനനേട്ടം:
ഭാഷപരമായ പിന്നോക്ക അവസ്ഥ പരിഹരിക്കൽ.

പ്രവർത്തനം

മുന്നറിയിപ്പ് പരിശോധനയിലൂടെ ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയും നിലവാരത്തിനനുസരിച്ച് സവിധം പോലുള്ള പ്രവർത്തനങ്ങളിൽ ഉൾച്ചേർത്ത് പരമാവധി ശ്രദ്ധ നൽകുന്നു.

വായിക്കാം വളരാം

പഠന നേട്ടം: വായനാ ശേഷി വളർത്തൽ.

പ്രവർത്തനം

വായനാദിനത്തോടനുബന്ധിച്ച് ക്ലാസ് വായനാക്കൂട്ടം, ലൈബ്രറി ഒരുക്കൽ, പുസ്തക പരിചയം, ആനുകാലിക വായന തുടങ്ങിയ പ്രവർത്തനങ്ങൾ നൽകുന്നു.

എഴുതാം തെളിയാം

പഠനനേട്ടം:

എഴുത്ത് പരിപോഷിപ്പിക്കൽ.

പ്രവർത്തനം

പാഠഭാഗവുമായി ബന്ധപ്പെട്ട ഡയറി, കത്ത്, ലഘുലേഖനങ്ങൾ, വിവരണങ്ങൾ, വർണ്ണനകൾ തുടങ്ങി വ്യവഹാര രൂപങ്ങൾ, സർഗാത്മകശേഷി വർദ്ധിപ്പിക്കുന്നു.

കണ്ടറിയാം... കേട്ടറിയാം

പഠന നേട്ടം :

അറിവ് ഡോക്യുമെന്ററി യിലൂടെ നേടൽ (ICT)

പ്രവർത്തനം

പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ, സാഹിത്യകാരന്മാരുടെ അഭിമുഖങ്ങൾ, ജീവചരിത്രം തുടങ്ങിയവ പരിചയപ്പെടുത്തൽ.

കലക്കൂട്ട്

പഠന നേട്ടം

പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ.

പ്രവർത്തനം

പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം പാഠഭാഗങ്ങൾക്ക് അനുസൃതമായി പ്രയോജനപ്പെടുത്തുന്നു.

സർഗോത്സവം

പഠന നേട്ടം:

ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ.

പ്രവർത്തനം

കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം മാസംതോറും അവതരിപ്പിക്കാൻ അവസരം നൽകുന്നു.

ഇംഗ്ലീഷ്

Hello English

പഠന നേട്ടം:

ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുള്ള ശേഷി മെച്ചപ്പെടുത്തൽ.

പ്രവർത്തനം

ക്ലാസ് ലൈബ്രറിയിൽ കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള ഇംഗ്ലീഷ് പുസ്തകങ്ങൾ ഉൾപ്പെടുത്തൽ.

Writing

പഠന നേട്ടം:

തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ.

പ്രവർത്തനം

Diary, profile writing, story writing,thoughts തുടങ്ങിയ Discourses തുടർപ്രവർത്തനങ്ങളി ലൂടെ പരിശീലിപ്പിക്കുന്നു.

English fest

പഠന നേട്ടം:

ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിൽ എത്തിക്കൽ.

പ്രവർത്തനം

കുട്ടികളുടെ സർഗാത്മകശേഷികൾ രചനകൾ തുടങ്ങിയവയുടെ അവതരണം.

ഗണിതം കളിക്കാം ഗണിക്കാം

പഠന നേട്ടം:

ഗണിത പഠനം രസകരമാക്കൽ( ചതുഷ്ക്രിയകൾ ലളിതമാക്കൽ)

പ്രവർത്തനം

ഗണിതവുമായി ബന്ധപ്പെട്ട വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പിലാക്കൽ( പാമ്പും കോണി, ഡയസ് കളി, കച്ചവടക്കളി മുതലായവ )

ഒറിഗാമിയിലൂടെ പഠിക്കാം

പഠന നേട്ടം:

ഗണിതശാസ്ത്ര പഠനം രസകരമാക്കൽ.

പ്രവർത്തനം

ഒറിഗാമി രൂപങ്ങളുടെ(വിവിധ തരം രൂപങ്ങൾ, ടാൻ ഗ്രാം, നിർമ്മാണം പ്രദർശനം )

കണക്കുപെട്ടി

പഠന നേട്ടം

ഗണിത പഠനം പ്രവർത്തനം സുതാര്യമാക്കൽ.

പ്രവർത്തനം

ക്ലാസ് കോർണറിൽ ഗണിത പെട്ടി സ്ഥാപിക്കൽ ( ഗണിതവുമായി ബന്ധപ്പെട്ട എല്ലാ ഉപകരണങ്ങളും ഉൾപ്പെട്ടത് )

ശില്പശാല

പഠന നേട്ടം:

പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ.

പ്രവർത്തനം

പാഠഭാഗമായും മേളകളുമായും ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം.

# EVS

പ്രകൃതി നടത്തം

പഠന നേട്ടം:

നിരീക്ഷണം അറിവ് നിർമ്മാണം.

പ്രവർത്തനം

പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ.

ശാസ്ത്ര മൂല

പഠനം നേട്ടം:

ശാസ്ത്ര പഠനം ലളിതവും രസകരവും ആക്കൽ.

പ്രവർത്തനം

കുട്ടികളുടെ പങ്കാളിത്തത്തോടെ ഓരോ ക്ലാസുകളിലും ശാസ്ത്ര മൂല സജ്ജീകരിക്കുന്നു.

ശാസ്ത്ര പഠനത്തിന് ആവശ്യമായതും ശാസ്ത്രാഭിരുചി വളർത്തുന്നതിനുതകുന്നതുമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ.

ശില്പശാല

പഠന നേട്ടം

പഠനോപകരണങ്ങളിലൂടെ പരിസര പഠനം രസകരമാക്കാൻ.

പ്രവർത്തനം

പാഠഭാഗവുമായും മേളകളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം- പ്രദർശനം.

# LP ARABIC

1. അറബിക് മധുരം

അറബിക് അക്ഷരങ്ങൾ വായിക്കുന്നതിനും എഴുതുന്നതിനും തിരിച്ചറിയുന്നതിനും ബുദ്ധിമുട്ടുന്നവർക്കായി അറബി ഭാഷ പഠിക്കാനുള്ള പ്രത്യേക പ്രവർത്തനമാണിത്. അക്ഷരം എഴുതുന്നതിന് കൈവഴക്കം കുറവുള്ള കുട്ടികൾക്ക് " മണൽ എഴുത്ത് " , നിറം നൽകൽ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ പിന്നോക്കകാർക്ക് അക്ഷരം ഉറപ്പിക്കുന്നു.

2. വായനാലോകം

സ്കൂൾ ലൈബ്രറിയിൽ നിന്നും മറ്റുമായി അറബിക് കഥാ പുസ്തകങ്ങൾ ചിത്രകഥകൾ എന്നിവ വായിക്കാൻ നൽകി കുട്ടികളിലെ വായനശേഷിയെ വർധിപ്പിക്കുന്നു

3.ആസ്വാദന ലോകം

അറബിക് കഥകൾ പാട്ടുകൾ എന്നിവ അവതരിപ്പിക്കാൻ മാസത്തിലൊരിക്കൽ വിദ്യാർത്ഥികൾക്കായി "വിദ്യാർത്ഥി സഭ" കൂടുന്നു. ഇവിടെ കുട്ടികൾക്ക് അവരുടെ കലാവാസനകളെ പരിപോഷിപ്പിക്കുന്നു

4. ലാംഗേജ് ലാബ്

അറബി അക്ഷരങ്ങൾ പദങ്ങൾ എഴുത്ത് പ്രയോഗം എന്നിവ പരിപോഷിപ്പിക്കുന്നതിനായി അറബിക് ലാംഗേജ് ലാബ് ആരംഭിക്കുന്നു

5. നല്ലെഴുത്ത്

അറബി ഭാഷയുടെ തനതായ സൗന്ദര്യം, എഴുത്ത് എന്നിവ പരിചയപ്പെടുത്തുന്നതിനായി കലിയോഗ്രഫി മത്സരം സംഘടിപ്പിക്കുന്നു . മാഗസിൻ തയ്യാറാക്കുന്നു

6. അറബിക് ഫെസ്റ്റ്

വിദ്യാർത്ഥി സഭയിൽ "ആസ്വാദന ലോകം" വുമായി ബന്ധപ്പെട്ട് കുട്ടികൾ തയ്യാറാക്കിയ അവതരിപ്പിച്ച പരിപാടികൾ ഉൾപ്പെടുത്തി വർഷാവസാനം അറബിക് ഫെസ്റ്റ് സംഘടിപ്പിക്കൽ

7. ദിനാചരണം

വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട കുട്ടികളുടെ കഴിവുകൾ പരിപോഷിപ്പിക്കുന്ന പരിപാടികൾ സംഘടിപ്പിക്കുന്നു

# UP

## വിദ്യാരംഗം കലസാഹിത്യവേദി

ലക്ഷ്യങ്ങൾ.

ഭാഷയുടെ അടിസ്ഥാന ശേഷി വികസനം, ആശയസംവേദനം നടത്താനും, പദസമ്പത്ത് വളർത്താനും കുട്ടികളെ പ്രാപ്തരാക്കുക

പ്രവർത്തനങ്ങൾ

മാസം- ജൂൺ, ജൂലൈ

എന്റെ അവധിക്കാലം.

കുട്ടികൾ അവരുടെ അവധിക്കാല അനുഭവങ്ങൾ, കഥ, കവിത, യാത്ര നുഭവ കുറിപ്പുകൾ എന്നിവയിലൂടെ അവതരിപ്പിക്കുന്നു

സർഗ്ഗാത്മകത യിലേക്ക്

പത്രങ്ങൾ, ആഴ്ചപതിപ്പുകൾ, മാസികകൾ, ചെറുകഥാപുസ്തകങ്ങ ൾ എന്നിവ വായിക്കുകയും രചനാ ശേഷി വളർത്തുകയും ചെയ്യുന്നു.

ലക്ഷ്യങ്ങൾ

മലയാളം ഡിജിറ്റൽ പരിജ്ഞാനം നേടി എഴുതാൻ കുട്ടികളെ പ്രാപ്തരാക്കുക.

പ്രവർത്തനങ്ങൾ:

മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിങ് പരിശീലിപ്പിക്കുകയും ഡിജിറ്റൽ ആൽബം പ്രസിദ്ധികരിക്കുകയും ചെയ്യുന്നു.

ലക്ഷ്യങ്ങൾ

പാഠഭാഗങ്ങളുടെ നാടകാവിഷ്കാരം സ്വതന്ത്രമായി അവതരിപ്പിക്കാൻ കുട്ടികളെ പ്രാപ്തരാക്കൽ

പ്രവർത്തനങ്ങൾ:

പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ലഘുനാടകങ്ങൾ സ്കിറ്റുകൾ, ഏകാഭിനയം എന്നിവ അവതരിപ്പിക്കുന്നു
ഭാഷോത്സവം സംഘടിപ്പിക്കൽ
•ലൈബ്രറി പുസ്തകങ്ങൾ ഉൾപ്പെടുത്തി പുസ്തക പ്രദർശനം,
റേഡിയോ ശബരി.
ലക്ഷ്യങ്ങൾ:
കുട്ടികളെ ഒരു പരിപാടി ആസൂ ത്രണം ചെയ്യാൻ പ്രാപ്തരാക്കൽ: വായനാനുഭവം പങ്കുവെക്കൽ, ആസ്വാദനക്കുറുപ്പ് അവതരിപ്പിക്കൽ.

## അറബിക്

ലക്ഷ്യങ്ങള് ; അറബി ഭാഷ പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക ഭാഷയിലുള്ള ഒരേപോലെയുള്ള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും എഴുതുമ്പോഴും വ്യത്യാസ മനസ്സിലാക്കി കുട്ടികൾക്ക് ഉപയോഗിക്കാൻ സാധിക്കുക രൂപപ്പെടുത്തുകയും ചെയ്യുക
പ്രവർത്തനങ്ങൾ
ടെസ്റ്റ് നടത്തി ഭാഷാ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിഗണന നൽകുകയും ചെയ്യുന്നു അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്നവർക്ക് വേണ്ടി പ്രത്യേകംതയ്യാറാക്കിയകാർഡുകൾ നൽകുന്നു കാലയളവ് മൂന്നുമാസം ജൂൺ ജൂലൈ ഓഗസ്റ്റ്
ലക്ഷ്യം
അറബി ഭാഷ ശേഷി വർദ്ധിപ്പിക്കുക പദസമ്പത്ത് അധികരിപ്പിക്കുക
പ്രവർത്തനങ്ങൾ പുതിയ പദം പരിചയപ്പെടൽ ആഴ്ചയിലൊരിക്കൽ പാഠപുസ്തകത്തിലുള്ള വാക്കുകൾക്കും പദങ്ങൾക്കും പുറമേ അഞ്ചു വാക്കുകൾ കഥാകവിത പുസ്തകങ്ങളിൽ നിന്ന് ശേഖരിക്കുവാൻ സാഹചര്യം ഒരുക്കുന്നു ലഘു സംഭാഷണങ്ങൾ പാഠഭാഗങ്ങൾ ചിത്രീകരണ രൂപത്തിലുള്ള അവതരണം അങ്ങനെ കൂടുതൽ പ്രവർത്തനങ്ങളിൽ പങ്കാളികളായവർക്ക് സമ്മാനം നൽകുന്നു കൂടാതെ സാധാരണ ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുകയും ചെയ്യുന്നു
കാലയളവ് ഓഗസ്റ്റ് സെപ്റ്റംബർ രണ്ടുമാസം
ലക്ഷ്യം ഓരോ മാസവും കുട്ടികൾ വായന താൽപരർ ആവുകയുംഭാഷാശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക

പ്രവർത്തനങ്ങൾമാസത്തിലൊരിക്കൽ ക്ലാസ് സ്ഥലത്തിൽ വായനാ മത്സരം കയ്യെഴുത്ത് മത്സരം എന്നിവ സംഘടിപ്പിക്കുകയും വിജയികൾക്ക് സമ്മാനം നൽകുകയും ചെയ്യുന്നു

ലക്ഷ്യംഅറബി ഭാഷ ആശയങ്ങളും പദങ്ങളുടെ അർത്ഥങ്ങളും കുട്ടികളിലേക്ക് എത്തിക്കുക

പ്രവർത്തനങ്ങൾ ഓരോ യൂണിറ്റ് തലത്തിൽ വാക്കുകൾ അർത്ഥസഹിതം എഴുതുകയും അവസാനം പിഡിഎഫ് ചെയ്തു കുട്ടികൾക്ക് നൽകുന്നു

ലക്ഷ്യം വ്യത്യസ്ത ദിനങ്ങളെ കുറിച്ചുള്ള ബോധവൽക്കരണം

പ്രവർത്തനങ്ങൾ ദിനാചരണങ്ങളും ആയി ബന്ധപ്പെട്ടപ്ലക്കാടുകൾ ഉണ്ടാക്കുകയും ക്വിസ് മത്സരം സംഘടിപ്പിക്കുകയും ചെയ്യുക പ്രതിഭകളെ കണ്ടെത്താനായി ഓരോ ദിനാചരണങ്ങളിലുംഅറബി ഭാഷയുമായി ബന്ധപ്പെടുത്തി മത്സരങ്ങൾ നടത്തി വിജയികളെ കണ്ടെത്തി സമ്മാനം നൽകുന്നു

## സംസ്കൃതം

ജൂൺ :-----പരിസ്ഥിതിദിനം, വായനാദിനം,യോഗാദിനം,ലഹരിവിരുദ്ധദിനം

ജൂലൈ :-----രാമായാണ പ്രശ്നോത്തരി,ക്ലബ് രൂപീകരണം

ഓഗസ്റ്റ് :-----സംസ്കൃത ദിനാഘോഷം,പ്രതിജ്ഞ

സെപ്തംബർ:-----അധ്യാപക ദിനാഘോഷം,സുഭാഷിതം ശേഖരിക്കൽ

ഒക്ടോബർ :-----സംസ്കൃത കലോത്സവം

നവംബർ:-----സംസ്കൃത സ്കോളർഷിപ് പരീക്ഷക്ക്,USS പരീക്ഷക്ക് കുട്ടികളെ തിരഞ്ഞെടുക്കൽ

ഡിസംബർ :----UP വിഭാഗം ഫുട്ബോൾ മത്സരത്തിന് പങ്കെടുപ്പിക്കൽ.

* ജൂൺ വിവിധ തരം കായികപ്രജനന രീതികൾ പരിചയപ്പെടൽ *ജൂലായ് ആസിഡുകളുടെയും ബേസുകളുടെയും ഉപയോഗവും പ്രാധാന്യവും നിത്യജീവിതത്തിൽ ലഘുപരീക്ഷണങ്ങളിലേർപ്പെടൽ

*ആഗസ്റ്റ് സപ്തംബർ സ്കിറ്റ് അവതരണം

*വിഷയം: വൈദ്യുതി പാഴാക്കരുത്, പ്രഥമ ശുശ്രൂഷ - ഷോക്കേറ്റാൽ*
*1) ഷോക്കേറ്റാൽ പ്രഥമശുശ്രൂഷ നൽകുന്നതിനുള്ള മനോഭാവം*
*2) ഊർജ്ജ സംരക്ഷണ ം *ഒക്ടോബർ നവംബർ ശാസ്ത്രമേള*
**ഡിസംബർ ഫീൽഡ് ട്രിപ്പ്*
*ആവാസവ്യവസ്ഥ സന്ദർശിക്കൽ*
*പരിസ്ഥിതിയെ കുറിച്ചുള്ള അവബോധം ഉണ്ടാക്കുന്നു*
*പ്രകൃതി സംരക്ഷണം സ്*
*ജനുവരി*സോപ്പ് നിർമ്മാണം, ജൈവകീടനാശിനികളുടെ നിർമ്മാണം*
**ഫെബ്രുവരി തൊഴിലധിഷ്ഠിത വിദ്യാഭ്യാസം*
*ആരോഗ്യവും ശുചിത്വവും*
*ഡോക്ടറുടെ ക്ലാസ്*

## *ഇംഗ്ലീഷ്*

*1.ഇംഗ്ലീഷ് അക്ഷരമാല വർഗീകരണം സ്വരാക്ഷരങ്ങൾ, വ്യഞ്ജനാക്ഷരങ്ങൾ,വാക്കുകൾ, വാചകങ്ങൾ ഉച്ചാരണം മുതലായ അടിസ്ഥാന വിവരങ്ങൾ നൽകുന്നു*
*അടിസ്ഥാന വ്യാകരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു*

*2.കുട്ടികളിൽ ഭാഷ പ്രാവീണ്യം കൈവരിക്കുന്നതിനു വേണ്ടി ചിത്രം കൊടുത്തു വാചകങ്ങൾ തയാറാക്കാൻ ആവശ്യപ്പെടുന്നു.*

*പ്രതീക്ഷിത നേട്ടം*
** അടിസ്ഥാന വിവരങ്ങൾ ലഭിക്കുന്നു*
** ഉച്ചാരണം മനസ്സിലാവുന്നു*
** ചിത്രത്തിൽ കാണുന്നത് ഇംഗ്ലീഷിൽ എഴുതാൻ ശ്രമിക്കുന്നു*
** ഇംഗ്ലീഷ് പ്രാവീണ്യം വർദ്ധിക്കുന്നു*

*ഓഗസ്റ്റ് മാസം അവസാനത്തോടെ മാഗസിൻ മത്സരത്തിനുള്ള നോട്ടീസ് നൽകുന്നു*
*ഓണാവധിക്ക് ശേഷം എല്ലാ ക്ലാസിലെയും ഇംഗ്ലീഷ് മാഗസിൻ ശേഖരിക്കുന്നു*
*ക്ലാസ്സ് തല വിജയികളെ പ്രഖ്യാപിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നു*
*മികച്ച മാഗസിൻ ഇംഗ്ലീഷ് പത്രത്തിലേക്ക് നൽകുന്നു*

3.ഇംഗ്ലീഷ് ഫെസ്റ്റ്

കുട്ടികളിലെ ഇംഗ്ലീഷ് പ്രാവീണ്യം വർധിപ്പിക്കാനായി ഇംഗ്ലീഷ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ഇംഗ്ലീഷ് ഫെസ്റ്റ് സംഘടിപ്പിക്കുന്നു

പ്രതീക്ഷിത നേട്ടങ്ങൾ

* കുട്ടികൾ തന്നെ പരിപാടികൾ അവതരിപ്പിക്കുകയും സംഘടിപ്പിക്കുകയും ചെയ്യുന്നു
* കുട്ടികളിലെ സംഘടന നേതൃത്വ ० വർദ്ധിക്കുന്നു
* കുട്ടികളിലെ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാനുള്ള ആത്മവിശ്വാസം വർദ്ധിക്കുന്നു
* ഇംഗ്ലീഷ് ഭാഷയോടുള്ള താല്പര്യം വർദ്ധിക്കുന്നു

4 കുട്ടികളുടെ കൈ പത്തിയുടെ ആകൃതിയിൽ ചാർട്ട് പേപ്പർ വെട്ടി അതിൽ സ്നേഹിക്കുന്നവർക്ക് നൽകാൻനല്ല നല്ല ആശയങ്ങൾ രേഖപ്പെടുത്താൻ ആവശ്യപ്പെടുന്നു

പ്രതീക്ഷിത നേട്ടങ്ങൾ

*കുട്ടികളിൽ ഭാഷ കൈകാര്യം ചെയ്യുന്നതിൽ താല്പര്യം ഉണ്ടാവുന്നു
*കുറഞ്ഞ വാക്കുകൾ കൊണ്ട് ആശയം വിനിമയം ചെയ്യാൻ കഴിയുന്നു

5.ഇംഗ്ലീഷ് പത്രത്തിലേക്കുള്ള സൃഷ്ടികളുടെ സമാഹരണം. ഇംഗ്ലീഷ് ഭാഷ നൈപുണ്യ വികസനം ലക്ഷ്യം വെച്ചുകൊണ്ട് യുപി തല വിദ്യാർത്ഥികൾ അതുവരെ ചെയ്തിട്ടുള്ള നല്ല നല്ല സൃഷ്ടികൾ ഇംഗ്ലീഷ് പത്രത്തിലേക്ക് തിരഞ്ഞെടുക്കുകയും അതിലൂടെ രക്ഷിതാക്കളിലേക്കും കുട്ടികളിലേക്കും നല്ല നല്ല സൃഷ്ടികൾ എത്തിപ്പെടുകയും ചെയ്യുന്നു...

പ്രതീക്ഷിത നേട്ടങ്ങൾ

കുട്ടികളിലെ ചിന്താശേഷി വർദ്ധിക്കുന്നു..
ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള ആത്മധൈര്യം വർദ്ധിക്കുന്നു..
ഇംഗ്ലീഷിലുള്ള ആശയവിനിമയം സാധ്യമാകുന്നു
സർഗാത്മകശേഷി വർദ്ധിക്കുന്നു

നിരന്തരം ചിന്തിക്കാനുള്ള ശേഷി വർദ്ധിക്കുന്നു ഇതിലൂടെ കുട്ടികളുടെ സർഗ്ഗാത്മക ശേഷികളും കഴിവുകളും അധ്യാപകരിലേക്കും രക്ഷിതാക്കളിലേക്കും കൂടി എത്തുന്നു..

എല്ലാ തലത്തിലുമുള്ള നേട്ടങ്ങളും പ്രധാന പരിപാടികളും എടുത്തു കാണിക്കുന്നതിനും ഭാഷ നൈപുണ്യം വർധിക്കുന്നതിനും എല്ലാം ഈ പത്രപ്രവർത്തനം കൊണ്ട് സാധ്യമാകുന്നു..

ഇംഗ്ലീഷ് അസംബ്ലി

യുപിതല വിദ്യാർത്ഥികളെ കൊള്ളിച്ചുകൊണ്ട് ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കുന്നു..

നേട്ടങ്ങൾ

ആത്മധൈര്യത്തോടുകൂടി ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാൻ കഴിയുന്നു.. ഇംഗ്ലീഷ് ഭാഷയിൽ നിർദ്ദേശങ്ങൾ നൽകുന്നതിനും ആത്മവിശ്വാസം വർദ്ധിക്കുന്നതിനും നേതൃത്വപാടവും ഉണ്ടാകുന്നതിനും ഇതിലൂടെ വിദ്യാർത്ഥികൾക്ക് സാധ്യമാകുന്നു..

ചുമർ പത്രിക തയ്യാറാക്കൽ

ക്ലാസ് തല ചുമർപത്രിക നിർമ്മാണവും യുപി തല നിർമാണവും ക്രോഡീകരിച്ചുകൊണ്ട് നല്ലൊരു ചുമർ പത്രിക തയ്യാറാക്കുന്നു

ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഇംഗ്ലീഷിൽ റിപ്പോർട്ട് തയ്യാറാക്കുന്നു...

# HINDI

1.ലക്ഷ്യങ്ങൾ :-

എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും, പദങ്ങളും, ആശയങ്ങളും ഉറപ്പിക്കൽ.

പ്രവർത്തനങ്ങൾ :-

അക്ഷരം എഴുത്ത്,

ചിഹ്നം ഉറപ്പിക്കൽ,

അക്ഷര കാർഡ്,

വാക്കുകൾ എഴുതിയ കാർഡ്, അക്ഷരമാല പ്രദർശനം,

വാക്കുകൾ നിർമ്മാണം,

വാക്യങ്ങളുടെ നിർമ്മാണം.

കാലാവധി - ജൂൺ - ആഗസ്റ്റ്

2. ലക്ഷ്യങ്ങൾ :-വീട് ഒരു പരീക്ഷണശാല (കാണുന്നതും, കേൾക്കുന്നതും, ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക)

പ്രവർത്തനങ്ങൾ :-

വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.
ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം.
CWSN കുട്ടികളുടെ പങ്കാളിത്തം.
കാലാവധി :- സപ്തംബർ - ഒക്ടോബർ
3. ലക്ഷ്യങ്ങൾ :-
ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുള്ള അവസരം.(സുരീലി ഹിന്ദി)
പ്രവർത്തനങ്ങൾ :-
ഹിന്ദി അസംബ്ലി ,
ദിനാചരണങ്ങൾ,
ക്ലാസ് ലൈബ്രറി ,
അധിക വായനസാമഗ്രികൾ,
ചിത്രം - അടിക്കുറിപ്പ്
ചിത്രം - കഥ പറയൽ
ചിത്രം - കഥ ബാക്കി എഴുതൽ
വായനാമൂല
ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ.
കാലാവധി :-
നവംബർ - ഫ്രെബ്രുവരി
Social Science
ജൂൺ, ജൂലൈ
പരിസ്ഥിതി ദിന പോസ്റ്റർ രചന
ജനസംഖ്യാ ദിന മെഗാ ക്വിസ്, ചിത്രരചന
സ്കൂൾ ലീഡർ തിരഞ്ഞെടുപ്പ് ഇക്ട്രോണിക് മെഷീൻ ഉപയോഗിച്ച്

ഓഗസ്റ്റ്
യുദ്ധവിരുദ്ധ പ്ലക്കാർഡുകൾ
ദേശഭക്തിഗാന മത്സര ം,ഡിജിറ്റൽ മാഗസിൻ(freedome fighters),മെഗാ ക്വിസ്

ഒക്ടോബർ
ഗാന്ധി ജയന്തിയോടനുബന്ധിച്ച് പ്രസംഗം (ഗാന്ധിയൻ ആദർശങ്ങളിലൂടെ)
ചിത്രരചന (സ്വാതന്ത്ര്യസമരത്തിലെ പ്രധാന സംഭവങ്ങൾ

നവംബർ, ഡിസംബർ

ശാസ്ത്ര മേള
പുരാവസ്തു പ്രദർശനം

ജനുവരി, ഫെബ്രുവരി

റിപ്പബ്ലിക് ദിനാഘോഷങ്ങൾ
പഠനോപകരണങ്ങളുടെ ശില്പശാലയും, പ്രദർശനവും
അറ്റ്ലസ് നിർമ്മാണം

## UP സയൻസ്

ജൂൺ, ജൂലൈ
ലക്ഷ്യം: ശാസ്ത്രത്തോടുള്ള കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കാൻ
പ്രവർത്തനങ്ങൾ: വിവിധ മോഡലുകളുടെ നിർമ്മാണം, ശാസ്ത്ര ക്ലബ്ബ് രൂപീകരണം, വിവിധ ശേഖരണങ്ങൾ, ക്വിസ്, പോസ്റ്റർ നിർമ്മാണം

ഓഗസ്റ്റ്, സെപ്റ്റംബർ
ലക്ഷ്യം: കുട്ടികളിൽ ശാസ്ത്രബോധം വളർത്തിയെടുക്കാൻ
പ്രവർത്തനങ്ങൾ: വിദഗ്ധരുടെ ക്ലാസ്, ഫീൽഡ് വിസിറ്റ്

ഒക്ടോബർ
ലക്ഷ്യം: കുട്ടികളിൽ ശാസ്ത്ര മനോഭാവം വളർത്തിയെടുക്കാൻ
പ്രവർത്തനങ്ങൾ: ലഘു പരീക്ഷണങ്ങൾ, ശാസ്ത്രമേള

നവംബർ, ഡിസംബർ
ലക്ഷ്യം: പ്രതിഭാധനരായ കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തിയെടുക്കാൻ
പ്രവർത്തനങ്ങൾ: സയൻസ് മാഗസിൻ നിർമ്മാണം

ജനുവരി
ലക്ഷ്യം: കുട്ടികളിൽ യുക്തിപരമായ ചിന്ത വളർത്തിയെടുക്കാൻ
പ്രവർത്തനങ്ങൾ: സയൻസ് ചോദ്യ ബാങ്ക് നിർമ്മാണം

ഫെബ്രുവരി
ലക്ഷ്യം: കുട്ടികളിൽ ശാസ്ത്രവുമായി ബന്ധപ്പെട്ട പുതുമയുള്ളതും സൃഷ്ടിപരവുമായ കഴിവുകൾ വളർത്തിയെടുക്കാൻ

പ്രവർത്തനങ്ങൾ: പഠനോപകരണങ്ങളുടെ പ്രദർശനം

## സോഷ്യൽ സയൻസ്

ലക്ഷ്യങ്ങൾ

-സാമൂഹിക ശാസ്ത്രത്തിൻ്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ , ഇവ പരിശോധിക്കൽ നേടിയെടുക്കൽ

പ്രവർത്തനങ്ങൾ --

ICT സാധ്യതകൾ , മാപ്പ്,, അറ്റ്ലസ് എന്നിവയിലൂടെ നമ്മുടെ സംസ്ഥാനം രാജ്യം വൻകരകൾ എന്നിവയുടെ പേരുകൾ, സ്ഥാനം അതിർത്തികൾ മറ്റ് അടിസ്ഥാന വിവരങ്ങൾ എന്നിവ കണ്ടെത്തുകയും നോട്ട്ബുക്കിൽ മാപ്പ വരച്ച് രേഖപെടുത്തുകയും ചെയ്യുക. - (ജൂൺ)

ലക്ഷ്യങ്ങൾ

-ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക.പൗര ബോധം,സമ്മതിദാനാവകാശം ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത എന്നിവയെക്കുറിച്ച് കുട്ടികളെ ബോധവൽക്കരിക്കുക

പ്രവർത്തനങ്ങൾ

-സ്കൂൾ പാർലമെൻറ് തെരഞ്ഞെടുപ്പ് ,പോളിംഗ് ബൂത്ത് അതിലെ പ്രവർത്തനങ്ങൾ എന്നിവ കുട്ടികൾ ഏറ്റെടുത്ത്ഇലക്ട്രോണിക് വോട്ടിംഗ് മെഷീന്റെ സഹായത്തോടെക്ലാസ് ലീഡർ സ്കൂൾ ലീഡർ തെരഞ്ഞെടുപ്പ് - (ജൂലൈ)

ലക്ഷ്യങ്ങൾ

സ്വാതന്ത്ര്യസമരസേനാനികൾ ദേശീയ നേതാക്കൾ, സ്വാതന്ത്ര്യത്തിനും വേണ്ടി അവർ അനുഷ്ഠിച്ച ത്യാഗം എന്നിവയെ കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുകയും അതിലൂടെ രാജ്യസ്നേഹവുള്ള തലമുറയെ വാർത്തെടുക്കുകയുംചെയ്യുക.

പ്രവർത്തനങ്ങൾ

-ദേശഭക്തിഗാന മത്സരം ,ഡിജിറ്റൽ മാഗസിൻ,ക്വിസ് എന്നിവ -(ആഗസ്റ്റ്)

ലക്ഷ്യങ്ങൾ

-ചരിത്ര ബോധം വളർത്തുക ,പഠനോപകരണങ്ങൾ നിർമ്മിച്ച് അതിലൂടെ പ്രവർത്തിച്ചു പഠിക്കാനുള്ള കഴിവ് ഉണ്ടാക്കുക

പ്രവർത്തനങ്ങൾ

-പുരാവസ്തു പ്രദർശനം,പഠനോപകരണ നിർമ്മാണം പ്രദർശനം -(സെപ്റ്റംബർ)

ലക്ഷ്യങ്ങൾ

-മനുഷ്യ ജീവിതത്തിന് നാശം ഉണ്ടാക്കുന്ന ലഹരികൾക്കെതിരായി പ്രവർത്തിക്കുവാനുള്ള  മനോഭാവം കുട്ടികളിൽ ഉണ്ടാക്കിയെടുക്കുക

പ്രവർത്തനങ്ങൾ

-ലഹരി വിരുദ്ധ പോസ്റ്ററുകൾ തയ്യാറാക്കുക,റാലി , സ്കിറ്റ് (ഒക്ടോബർ)

ലക്ഷ്യങ്ങൾ

കേരള ചരിത്രം ,കേരളീയ കലകൾ,മലയാള ഭാഷ എന്നിവയെ കുറിച്ച് അറിയുവാനും,നമ്മുടെ സംസ്കാരത്തെക്കുറിച്ച്കുട്ടികളിലെ അഭിമാനം വളർത്തുകയും ചെയ്യുക -

പ്രവർത്തനം

-കേരളപ്പിറവി ദിനം ആഘോഷിക്കൽ കേരളീയ കലകൾ അവതരിപ്പിക്കൽ(നവംബർ)

## ഗണിതം

ലക്ഷ്യം: ഗണിതാസ്വാദനം വർദ്ധിപ്പിക്കുക.

ജ്യോമെട്രിക്കൽ പിറ്റേൺ മാഗസിൻ നിർമ്മാണം (ജൂൺ, ജൂലൈ )

ലക്ഷ്യം :ഗണിതത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് താല്പര്യം വളർത്തിയെടുക്കുക

ഗണിതം മധുരം ക്യാമ്പ് (ഗണിതപ്പാട്ട്, ഗണിതകളികൾ) ആഗസ്റ്റ്, സെപ്റ്റംബർ .

ലക്ഷ്യം: പ്രതിഭാധനരായ കുട്ടികളിൽ ഗണിതാഭിരുചി വളർത്തിയെടുക്കുക.

ഗണിത ശില്പശാല
ഗണിത മാഗസിൻ (ഗണിത ശാസ്ത്രജ്ഞർ )
(ഒക്ടോബർ, നവംബർ

ലക്ഷ്യം: ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കാൻ

ഗണിത ലാബ് നിർമ്മാണം (ഡിസംബർ, ജനുവരി)

കുട്ടികളിൽ യുക്തിപരമായി ചിന്തിക്കുവാൻ പ്രാപ്തരാക്കാൻഗണിത ചോദ്യബാങ്ക് നിർമ്മാണം (ഫെബ്രുവരി )

# HS

## വിദ്യാരംഗം

വിദ്യാരംഗം കലസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ 2025-26 വർഷത്തിൽ പുതുമനിറഞ്ഞ പ്രവർത്തനങ്ങളാണ് ആസൂ ത്രണം ചെയ്തിട്ടുള്ളത്.

ജൂൺ, ജൂലൈ

ക്ലബ് രൂപീകരണം.

ആഗസ്റ്റ് ,സെപ്റ്റംബർ

കഥ, കവിത നാടക ശിൽപശാലകൾ സംഘടിപ്പിക്കുന്നു.ഇതിൽ പാവ നാടകത്തി നാണ് പ്രാധാന്യം കൊടുക്കുന്നത്.

ഒക്ടോബർ

നാടൻപാട്ട് ശില്പശാല.

നവംബർ, ഡിസംബർ, ജനുവരി

മേള കളിൽ കുട്ടികളെ താല്പരരാക്കാൻ വിവിധതരം പ്രവർത്തനങ്ങൾ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

ഫെബ്രുവരി

വായനയിൽ താല്പര്യം ഉണ്ടാക്കാൻ എഴുത്ത് കൂട്ടം, വാ യനാക്കൂട്ടം നടത്തുന്നു

എല്ലാ മാസവും

ഒന്നുമുതൽ ഒമ്പതുവരെയുള്ള കുട്ടികൾക്കു സാഹിത്യസമാജം നടത്താനും തീരുമാനിച്ചിട്ടുണ്ട്.

# ARABIC

അക്ഷരത്തിളക്കം

ജൂൺ

ജൂൺ ആദ്യവാരത്തിൽ തന്നെ എഴുതാനും വായിക്കാനും അറിയാത്ത കുട്ടികളെ കണ്ടെത്തി അവർക്ക് പരിശീലനം നൽകുന്നു.

*Expected outcome*

അറബി എഴുതാനും വായിക്കാനും അറിയാത്ത കുട്ടികൾ ഇല്ലാതിരിക്കാനുള്ള പരമാവധി ശ്രദ്ധ നൽകൽ

ഡിക്ഷണറി ജൂലൈ.ഓഗസ്റ്റ്

----------------------------------

കുട്ടികളുടെ പദസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി യൂണിറ്റ് അടിസ്ഥാനത്തിൽ നിഘണ്ടു തയാറാക്കുന്നു.

*Expected outcome*

------------------------------

മുഴുവൻ പദങ്ങളിലൂടെയും കുട്ടി കടന്ന്പോകുന്നു

*Essay presentation*

-------------------------------

ഓഗസ്റ്റ്

പാഠഭാഗവുമായി ബന്ധപ്പെട്ട് സ്വാതന്ത്ര്യ സമരസേനനികളുടെ ജീവചരിത്രം അറബിയിൽ ശേഖരിച്ച് essay present ചെയ്യുന്നു, വിജയികളെ കണ്ടെത്തുന്നു.

Expected outcome

ഭാഷാ മികവ് നേടുന്നതോടൊപ്പം

പ്രേക്ഷകരെ അഭിമുഖീകരിക്കാനുള്ള ശേഷി കരസ്ഥമാക്കുന്നു.

ചരിത്രവബോധവും രാജ്യസ്നേഹവും ഉണ്ടാക്കിയെടുക്കുന്നു

ടാലെന്റ് ടെസ്റ്റ്

-----------------------------

സ്കൂൾ തലത്തിലും സബ്ജില്ല, ജില്ല സംസ്ഥാനതലത്തിലും കുട്ടികളെ പങ്കെടുപ്പിക്കുന്നു

Magazin

---------------

സെപ്റ്റംബർ..ഒക്ടോബർ

സെപ്റ്റംബർ മാസം അറബിക് മാഗസിൻ തയാറാക്കുന്നു.

Expected outcome

കുട്ടികളുടെ ഭാഷാപ്രാവീണ്യം വർദ്ധിക്കുന്നു

കുട്ടികളുടെ സർഗാത്മക ശേഷി വർദ്ധിക്കുന്നു.

Arabic silpasala

ഒക്ടോബർ

---=====----========

മികച്ച ഒരധ്യാപകന്റെ നേതൃത്വത്തിൽ ശില്പശാല സംഘടിപ്പിക്കുന്നു.

Expected outcome

സബ്ജെക്ട് എക്സ്പെർട്ടുകളിൽ നിന്നും ഭാഷസൗന്ദര്യവും അക്ഷരസൗന്ദര്യവും കുട്ടികളിൽ എത്തിക്കുക

Poster Making /Caption Making

നവംബർ

-------=========

പാഠഭാഗങ്ങളോടാനുബന്ധിച്ച് അങ്ങളോടാനുബന്ദിച്ച് പോസ്റ്റർ,അടിക്കുറിപ്പ് പരിശീലിപ്പിക്കുന്നു

Expected outcome

ഭാഷാ പ്രവീണ്യത്തോടൊപ്പം വിത്യസ്ത ആശയങ്ങൾ കുട്ടികളിലേക്കെത്തുന്നു.

ലാംഗേജ് ലാബ്
-----------------------------
December
തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കാണാനും കേൾക്കാനും സൗകര്യമൊരുക്കുന്നു

## ഉർദ്ദു

ജൂൺ, ജൂലായ്
കുട്ടികളുടെ എഴുത്തും വായനയും പരിപോഷിപ്പിക്കുന്ന തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.
വായന മത്സരങ്ങൾ, കയ്യെഴുത്ത് മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ, ബാലസാഹിത്യ വായന മുതലായവ ആഴ്ചകൾതോറും സംഘടിപ്പിക്കുന്നു.

ആഗസ്റ്റ്, സെപ്റ്റംബർ

ഭാഷാപ്രാവിണ്യവും, സർഗാത്മകതയും വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.
ഉറുദു കയ്യെഴുത്ത് മാസികകൾ, കഥകൾ, കവിതകൾ, സംഭാഷണങ്ങൾ മുതലായവ കുട്ടികൾ സ്വയം തയ്യാറാക്കുന്നു.

ഒക്ടോബർ, നവംബർ
കുട്ടികളുടെ കലാപരവും സർഗാത്മകരവുമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. സംഭാഷണ മത്സരങ്ങൾ ഗാനാലാപന മത്സരങ്ങൾ സ്കിറ്റ് അവതരണ മത്സരങ്ങൾ പ്രസംഗമത്സര ഇങ്ങൾ മുതലായവ സംഘടിപ്പിക്കുന്നു.

ഡിസംബർ, ജനുവരി

ഉറുദു സാഹിത്യകാരന്മാരെയും കവിമാരെയും അടുത്തറിയുന്നതിലൂടെ ഉറുദു ഭാഷയും സാഹിത്യവും ആർജിക്കാനുള്ള പ്രവർത്തനങ്ങൾ തയ്യാറാക്കുന്നു.
ഉറുദു കവിമാരുടെയും സാഹിത്യകാരന്മാരുടെയും പ്രൊഫൈൽ തയ്യാറാക്കുകയും അവരുടെ ഇഷ്ടപ്പെട്ട കഥകളുടെയും കവിതകളുടെയും ആസ്വാദനക്കുറിപ്പ് തയ്യാറാക്കുകയും ശേഖരിക്കുകയും ചെയ്യുന്നു.ഇംഗ്ലീഷ് അക്കാദമിക മാസ്റ്റർ പ്ലാൻ

# സംസ്കൃതം

ലക്ഷ്യം -
*എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വയ്ക്കാനും എഴുതുവാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ
* അക്ഷരങ്ങളും ചിഹ്നങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക
* *ആശയങ്ങൾ തെറ്റ് കൂടാതെ പ്രകടിപ്പിക്കാനും സർഗ്ഗത്മക രചനകൾ വികസിപ്പിക്കാനും ഉള്ള അവസരം നൽകുക
* എല്ലാ കുട്ടികളും അർത്ഥ പൂർണ്ണമായി വയ്ക്കുന്നുവെന്ന് ഉറപ്പു വരുത്തുക
* ഭാഷ ശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതിക വിദ്യ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
പ്രവർത്തനങ്ങൾ -
*ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു
*പതിപ്പുകൾ
*മാഗസിൻ
*സംസ്കൃതദിനാച്ചാരണം
*ഒഴിവ് സമയ പ്രത്യേക ക്ലാസ്സ്
*വിവിധ സാഹിത്യ ശാഖകളെ പരിചയപെടുത്താൽ
*കഥ, കവിത, സുഭാഷിതം പരിചയപ്പെടൽ
*രചനാ മത്സരം
*വിവിധ കലാരൂപങ്ങൾ പരിചയ പെടുത്തൽ
കാലയളവ് -
ജൂൺ മുതൽ മാർച്ച് വരെ.
പഠനോപകരണങ്ങൾ -
*പുസ്തകങ്ങൾ
*വീഡിയോകൾ
*ചിത്രങ്ങൾ
*

*സംസ്കൃതം ലൈബ്രറി
*സംസ്കൃതഗ്രന്ഥങ്ങൾ
ബാലകഥ കവിത,ജീവചരിത്രഗ്രന്ഥങ്ങൾ
* സംസ്കൃത ദിനാചരണംആചരിക്കൽ
* സംസ്കൃത സംഭാഷണശിബിരം

* സംഭാഷണ പാടവം മെച്ചപ്പെടുത്തുന്നതിനായി ശിബിരങ്ങൾ സംഘടിപ്പിക്കൽ
* വിവിധ മത്സരങ്ങൾ
* കഥ രചന
* കവിതരചന
* ഉപന്യാസരചന
* പ്രശ്നോത്തരി
* മികച്ച വിദ്യാർഥികൾക്ക് മാസരപരീക്ഷയ്ക്കുള്ള പ്രത്യേക പരിശീലനം
* സ്കോളർഷിപ്പ്
* uss
* രാമായണ പ്രശ്നോത്തരി

# ENGLISH

1)ഇംഗ്ലീഷ് മാഗസിൻ മത്സരം (up&Hs)

കുട്ടികളിൽ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാൻ ഉള്ള ശേഷി വർദ്ധിപ്പിക്കുവാൻ വേണ്ടി up , HS തലത്തിൽ ക്ലാസ്സ് തല മാഗസിൻ മത്സരംസംഘടിപ്പിക്കുന്നു

പ്രതീക്ഷിത നേട്ടം

കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം വർധിക്കുന്നു.
മനസ്സിലുള്ള ആശയങ്ങൾ കൃത്യമായി  ഇംഗീഷിൽ പ്രകടിപ്പിക്കുന്നു.
#കുട്ടികളുടെ സർഗാത്മക ശേഷി വർധിക്കുന്നു
#കുട്ടികൾ ഇംഗ്ലീഷിൽ കഥ, കവിത ആസ്വാദനം തുടങ്ങിയവ എഴുതി ശീലിക്കുന്നു

ഘട്ടങ്ങൾ

ആഗസ്റ്റ് മാസം  അവസാനത്തോടെ UP, HS ക്ലാസ്സുകളിൽ മാഗസിൻ മത്സരത്തിനുള്ള നോട്ടീസ് നൽകുന്നു. ഇംഗ്ലീഷ് ടീച്ചേർസ് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നു. ഓണാവധി കഴിഞ്ഞ് അടുത്ത ആഴ്ച എല്ലാ ക്ലാസ്സുകളും തയ്യാറാക്കിയ മാഗസിൻ ശേഖരിക്കുകയും ചെയ്യുന്നു. ക്ലാസ് തല വിജയികളെ പ്രഖ്യാപിക്കുകയും സമ്മാനം നൽകുകയും ചെയ്യുന്നു. മികച്ചത് ഇംഗ്ലീഷ് പത്രത്തിലേക്ക് തിരഞ്ഞെടുക്കുകയും ചെയ്യുന്നു.

2)ഇംഗ്ലീഷ് ഫെസ്റ്റ്

*LP, UP & HS*

***കുട്ടികളിലെ ഇംഗ്ലീഷ് ഭാഷാ പ്രാവണ്യം വർധിപ്പിക്കാനായിഇംഗ്ലീഷ് ക്ലബ്ബ് (The Dawn)ന്റെ നേതൃത്വത്തിൽ ഇംഗ്ലീഷ് ഫെസ്റ്റ് സെപ്റ്റംബർ മാസത്തിൽ സംഘടിപ്പിക്കുന്നു.**

**പ്രതീക്ഷിക്കുന്നനേട്ടങ്ങൾ**

***കുട്ടികളുടെ ഭാഷ നൈപുണികൾ ആയ LSRW കൂടാതെ മറ്റു നൈപുണികൾ കൂടി നേടാൻ സഹായിക്കുന്നു**
***കുട്ടികൾ തന്നെ പരിപാടികൾ അവതരിപ്പിക്കുകയും അവർ തന്നെ സംഘാടകർ ആവുകയുംചെയ്യുന്നു**

***കുട്ടികളിലെ സംഘാടന പാടവവുംനേതൃത്വപാടവ വും വർധിക്കുന്നു**

***കുട്ടികളിലെ സർവ്വതോന്മുഖമായ വികസനത്തോടൊപ്പം ഇംഗ്ലീഷ് ഭാഷ നൈപുണ്യം വർദ്ധിക്കുന്നു**

***കുട്ടികൾക്ക് ഭാഷയോടുള്ള താല്പര്യം വർദ്ധിക്കുന്നു**

**ഘട്ടങ്ങൾ**

**ജൂലൈമാസം പകുതിയിൽ തന്നെ കുട്ടികൾക്ക് ഫെസ്റ്റ് നടത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു.എന്തെല്ലാം പരിപാടികളിൽ ആണ് ഫെസ്റ്റിൽ അവതരിപ്പിക്കേണ്ടത് എന്നതിനെക്കുറിച്ച് വ്യക്തമായ രൂപരേഖ നൽകുന്നു.കുട്ടികളോട് ഒറ്റയ്ക്കും ഗ്രൂപ്പായും അതിനുള്ള തയ്യാറെടുപ്പുകൾ നടത്തി ഓഗസ്റ്റ് മാസംആദ്യ ആഴ്ചയിൽ തന്നെ പേരുകൾ നൽകാൻ ആവശ്യപ്പെടുന്നു.**
**തയ്യാറാവാനുള്ള നിർദ്ദേശങ്ങൾ നൽകുന്നു.**
**സ്ക്രീനിങ്ങിലൂടെ കുട്ടികളെ തിരഞ്ഞെടുക്കുന്നു**
**മികച്ച പ്രകടനങ്ങൾക്ക് സമ്മാനങ്ങൾ നൽകുന്നു.**

*3)ചുമർപത്രിക നിർമ്മാണവും പ്രകാശനവും*

*കുട്ടികളുടെ ഇംഗ്ലീഷ് ഭാഷയിലുള്ള മികവും കലാപരമായ കഴിവുകൾക്ക് പ്രോത്സാഹനം നൽകുന്നതിനും ആയി ചുമർ പത്രിക നിർമ്മാണവും പ്രകാശനവുംഎന്ന പ്രവർത്തനം ഡിസംബർ മാസത്തിൽനടപ്പിലാക്കുന്നു.

പ്രതീക്ഷിത നേട്ടങ്ങൾ : #ഭാഷയോടൊപ്പം കുട്ടിയുടെ കലാപരമായ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള അവസരം കിട്ടുന്നു.
.കുറഞ്ഞ വാക്കുകൾകൊണ്ട് ആവശ്യ അവതരണം നടത്തുന്നതിനുള്ള ശേഷി നേടുന്നു.
. ഇംഗ്ലീഷ് ഭാഷയിലുള്ള താൽപര്യം വർദ്ധിക്കുന്നു.

ഘട്ടങ്ങൾ

സെപ്റ്റംബർ രണ്ടാം വാരത്തിൽ വിദ്യാർത്ഥികൾക്ക് ക്ലാസ് തല ചുമർപത്രിക തയ്യാറാക്കുന്നതിനുള്ള ആശയം നൽകുന്നു.സെപ്റ്റംബർ നാലാം വാരത്തിൽ ക്ലാസ് തല ചുമർ പത്രിക ക്രോഡീകരണം പൂർത്തീകരിക്കുന്നു. ഡിസംബർ ആദ്യവാരത്തിൽ ചുമർപത്രികകളുടെ പ്രദർശനവും നടത്തുന്നു.

4)ഇംഗ്ലീഷ് പത്രം നിർമ്മാണവും പ്രകാശനവും

സ്കൂളിൽ നടന്ന പരിപാടികൾ കുട്ടികളിലേക്കുംരക്ഷിതാക്കളിലേക്കും എത്തുന്നതിന്.ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ് വർദ്ധിപ്പിക്കുന്നതിനും ന്യൂസ് പേപ്പർ പ്രകാശനം ചെയ്യുന്നത് സഹായിക്കുന്നു

പ്രതീക്ഷിക്കുന്ന മികവുകൾ

കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം വർധിക്കുന്നു.
മനസ്സിലുള്ള ആശയങ്ങൾ കൃത്യമായി ഇംഗ്ലീഷിൽ പ്രകടിപ്പിക്കുന്നു.
കുട്ടികളുടെ സർഗാത്മക ശേഷി വർധിക്കുന്നു *ആശയവിനിമയം വർദ്ധിപ്പിക്കൽ:
- വിവരങ്ങൾ പങ്കിടൽ: സ്കൂൾ പരിപാടികൾ, നേട്ടങ്ങൾ, പ്രധാന പ്രഖ്യാപനങ്ങൾ എന്നിവയുടെ കുറിച്ച് വിദ്യാർത്ഥികൾക്കും അധ്യാപകർക്കും മാതാപിതാക്കൾക്കും അറിവുനൽകുക.
* സ്കൂളിന്റെ നേട്ടങ്ങൾ, കായിക വിജയങ്ങൾ, വിദ്യാർത്ഥി പ്രതിഭകൾ എന്നിവ എടുത്തുകാണിക്കുക.
2. വിദ്യാപരമായ വികസനം:

- എഴുത്ത് കഴിവുകൾ: വിദ്യാർത്ഥികൾക്ക് അവരുടെ എഴുത്ത്, എഡിറ്റിംഗ്, ഗവേഷണ കഴിവുകൾ മെച്ചപ്പെടുത്തുന്നതിന് അവസരം നൽകുക.

- വിമർശനാത്മക ചിന്ത: വിദ്യാർത്ഥികളെ സംഭവങ്ങൾ വിശകലനം ചെയ്യാൻ, അഭിപ്രായങ്ങൾ വികസിപ്പിക്കാൻ.

കുട്ടികൾക്ക് lay out, ഡിസൈനിങ്, പത്ര വാർത്ത തയ്യാറാക്കൽ തുടങ്ങിയ ടെക്നിക് കൾ മനസ്സിലാക്കാൻ..

ഘട്ടങ്ങൾ

ജനുവരി, വരെയുള്ള പ്രവർത്തനങ്ങളുംമാഗസിനിലെ മികച്ച സൃഷ്ടികളും തിരഞ്ഞെടുത്തു വ ക്കുന്നു.. കുട്ടികളും അധ്യാപകരും അടങ്ങുന്ന എഡിറ്റോറിയൽ ബോർഡ് എല്ലാ പ്രവർത്തനങ്ങളുടെയും വാർത്തകളും ചിത്രങ്ങളും കുട്ടികളുടെ സൃഷ്ടികളും അത്രതന്നെ ലേഔട്ട് തയ്യാറാക്കുന്നു. ഇതിലെ എഡിറ്റിംഗ് ത...
ഹിന്ദി

# HINDI

ജൂൺ, ജൂലൈ

ലക്ഷ്യങ്ങൾ: കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നി ലക്ഷ്യങ്ങളോടെ ഭാഷാ വസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു.

പ്രവർത്തനങ്ങൾ: സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു,
നാടകം വേദിയിൽ അവതരിപ്പിക്കുന്നു

ഓഗസ്റ്റ്, സെപ്റ്റംബർ

ലക്ഷ്യങ്ങൾ: നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാകുന്നു , വാക്യഘടന പരിചയപ്പെടുത്തുന്നു

പ്രവർത്തനങ്ങൾ: ചാർട്ടുകൾ നൽകുന്നു ,അതിൽ നിന്ന് സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്താൻ പറയുന്നു. സൂചന ബോർഡുകൾ എഴുതി ക്ലാസിൽ പ്രദർശിപ്പിക്കാൻ പറയുന്നു

ഒക്ടോബർ, നവംബർ, ഡിസംബർ

ലക്ഷ്യങ്ങൾ: പോസ്റ്റർ തയ്യാറാക്കാൻ അറിയുക്കുന്നു. കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയാറാക്കുവാൻ പറയുന്നു

*പ്രവർത്തനങ്ങൾ: പോസ്റ്ററിന്റെ മോഡൽ നൽകുന്നു . വിവിധ വിഷയങ്ങൾ നൽകുന്നു. ചെറിയ കവിതകൾ നൽകി കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസിൽ അവതരിപ്പിക്കാൻ പറയുന്നു.*

## *Physical SCIENCE*

*ജൂൺ -pre test*

*-ശാസ്ത്ര പഠനത്തിൽ താല്പര്യം ഉണ്ടാക്കൽ*

*-പരിസ്ഥിതി ദിന ക്വിസ്*

*-പരിസ്ഥിതി ദിന സന്ദേശം ഉൾകൊള്ളുന്ന പോസ്റ്റർ നിർമാണം*

*ജൂലൈ*

*ചാന്ദ്ര ദിന ക്വിസ്*

*ശാസ്ത്രജ്ഞരെ അനുസ്മരിക്കൽ*

*ഓഗസ്റ്റ്*

*ശാസ്ത്ര മേള*

*വർക്കിംഗ് മോഡൽ*

*Still മോഡൽ*

*സിമ്പിൾ എക്സ്പീരിമെന്റ്*

*ക്വിസ്*

*പ്രബന്ധം*

*സെപ്റ്റംബർ*

*ഓസോൺ ദിനം -അവബോധ ക്ലാസ്സ്*

*ഒക്ടോബർ*

*ഫ്ലാഷ് മൊബ്*

*അജൈവ മാലിന്യ സംസ്കരണം -recycling*

*നവംബർ*

*Led നിർമാണം*

*ഡിസംബർ*

*ഊർജ സംരക്ഷണം- skit*

*ജനുവരി*

*Expert classes*

*ഫെബ്രുവരി*

*റിവിഷൻ*

# Natural science:

ഹെൽത്ത് club

**Nature club**

ജൂൺ :

expert class(ഫീൽഡ് trip): agriculture/ forest expert

Budding, grafting, layering, wick irigation, drip irigation etc...

ലക്ഷ്യങ്ങൾ: പരിസ്ഥിതിയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള മനോഭാവം ഉണ്ടാക്കിയെടുക്കുന്നതിന്

ജൂലൈ :

മഴക്കാല രോഗങ്ങൾ:awareness class, video പ്രസന്റേഷൻ

ലക്ഷ്യങ്ങൾ: മഴക്കാല രോഗങ്ങളെ കുറിച്ചും അവ പകരുന്ന വിധം അവർ തടയാനുള്ള മാർഗങ്ങൾ, സ്കൂളും പരിസരവും വീടും വൃത്തിയായി സൂക്ഷിക്കുന്നതിന്റെ ആവശ്യകത മനസ്സിലാക്കിക്കൊടുക്കൽ

ഓഗസ്റ്റ്

ശാസ്ത്ര മേള

Project..

ലക്ഷ്യങ്ങൾ: വസ്തുതകൾ നിരീക്ഷിക്കാനും കണ്ടെത്താനും അവ വിശകലനം ചെയ്ത് നിഗമനങ്ങൾ രൂപപ്പെടുത്തുന്നതിനും പ്രശ്നപരിഹരണം തുടങ്ങിയ ശാസ്ത്രീയ മനോഭാവങ്ങൾ വളർത്തിയെടുക്കുന്നതിന്

സെപ്റ്റംബർ

ഡോക്ടർ :expert class

Eye/teeth/heart/kidney/lungs....lifestyle ഡിസ്സസ്

ലക്ഷ്യങ്ങൾ: നമ്മുടെ ഓരോ അവയവവും സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം, പലതരം രോഗങ്ങളെ പറ്റിയുള്ള അറിവ്, പ്രഥമ ശുശ്രൂഷയുടെ പ്രാധാന്യം തുടങ്ങിയവയെ കുറിച്ച് മനസ്സിലാക്കൽ

ഒക്ടോബർ

*Bioscientist picture album* making

ജീവ ശാസ്ത്രജ്ഞരുടെ കണ്ടുപിടുത്തങ്ങൾ മനസ്സിലാക്കാം:

ലക്ഷ്യങ്ങൾ: നമ്മുടെ പൂർവിക പൂർവിക ശാസ്ത്രജ്ഞന്മാരെ അറിയുന്നതിനും അവരുടെ കണ്ടുപിടുത്തങ്ങളെ കുറിച്ച് അറിവ് ലഭിക്കുന്നതിനും ശാസ്ത്രീയ

മനോഭാവം രൂപപ്പെടുന്നതിനും നമ്മളും ഓരോ ശാസ്ത്രജ്ഞന്മാരാണെന്ന് തിരിച്ചറിയുന്നതിന്

നവംബർ

Food expo: using naturally available leaf, കിഴങ്ങുവിളകൾ

ലക്ഷ്യങ്ങൾ: ആരോഗ്യ സംരക്ഷണത്തിന്റെ പ്രാധാന്യത്തിനും നമ്മുടെ നാട്ടിലെ തനത് വിഭവങ്ങളാണ് നമ്മുടെ ആരോഗ്യത്തിന് നല്ലത് എന്ന് തിരിച്ചറിവ് ഉണ്ടാക്കുന്നതിനും അവയെ സംരക്ഷിക്കുന്നതിനും ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും ഉള്ള മനോഭാവങ്ങൾ രൂപപ്പെടുന്നു

ഡിസംബർ:

First aid: skit

പ്രഥമ ശുശ്രൂഷ ഓരോ വ്യക്തിയുടെയും ജീവൻ രക്ഷിക്കാൻ എപ്രകാരം ഉപയോഗപ്പെടുന്നു എന്നും അവ പഠിക്കുന്നതിനും ജീവിതത്തിൽ ഉപയോഗപ്പെടുത്താനും
മനസ്സിലാക്കുന്നു.

ജനുവരി

Magazine: latest news in the field of health and agriculture

ലക്ഷ്യങ്ങൾ:

കുട്ടികളിൽ ശാസ്ത്രീയ മനോഭാവങ്ങൾ വളർത്തിയെടുക്കുന്നതിനും, പുതിയ അറിവുകൾ കണ്ടെത്താനും മനസ്സിലാക്കുന്നതിനും സഹായിക്കുന്നു

ഫെബ്രുവരി

റിവിഷൻ.

ലക്ഷ്യങ്ങൾ: ജീവശാസ്ത്രത്തിൽ കുട്ടികൾക്ക് ഉയർന്ന ഗ്രേഡ് ലഭിക്കുന്നതിന്...

# Social Science

ജൂൺ, ജൂലൈ

പരിസ്ഥിതി ദിന പോസ്റ്റർ രചന

ജനസംഖ്യാ ദിന മെഗാ ക്വിസ്, ചിത്രരചന

സ്കൂൾ ലീഡർ തിരഞ്ഞെടുപ്പ് ഇലക്ട്രോണിക് മെഷീൻ ഉപയോഗിച്ച്

ഓഗസ്റ്റ്

യുദ്ധവിരുദ്ധ പ്ലക്കാർഡുകൾ

ദേശഭക്തിഗാന മത്സരം,ഡിജിറ്റൽ മാഗസിൻ(freedome fighters),മെഗാ ക്വിസ്

ഒക്ടോബർ

ഗാന്ധി ജയന്തിയോടനുബന്ധിച്ച് പ്രസംഗം (ഗാന്ധിയൻ ആദർശങ്ങളിലൂടെ)
ചിത്രരചന (സ്വാതന്ത്ര്യസമരത്തിലെ പ്രധാന സംഭവങ്ങൾ

നവംബർ, ഡിസംബർ

ശാസ്ത്ര മേള
പുരാവസ്തു പ്രദർശനം

ജനുവരി, ഫെബ്രുവരി

റിപ്പബ്ലിക് ദിനാഘോഷങ്ങൾ
പഠനോപകരണങ്ങളുടെ ശില്പശാലയും, പ്രദർശനവും
അറ്റ്ലസ് നിർമ്മാണം
ചരിത്രയാത്ര

# ഗണിതം

18/05/2025 ഞായറാഴ്ച രാത്രി 7 മണിക്ക് ഗൂഗിൾ മീറ്റ് വഴി കൂടിയ അക്കാദമിക് മാസ്റ്റർ പ്ലാനിലേക്ക് ചർച്ചചെയ്ത് തീരുമാനിച്ച പ്രവർത്തനങ്ങൾ

8,9,10 ക്ലാസുകളിലെ പാഠഭാഗങ്ങൾ സിലബസ് അനുസരിച്ച് സമയബന്ധിതമായി തീർക്കുവാൻ തീരുമാനിച്ചു.

എല്ലാ മാസവും SRG കൂടി പഠനനിലവാരം വിലയിരുത്തും.

സമയോചിതമായി യൂണിറ്റ് ടെസ്റ്റ് നടത്തി കുട്ടികളുടെ പഠന പുരോഗതി വിലയിരുത്തുക.

പഠന പിന്തുണ ആവശ്യമായ കുട്ടികളെ കണ്ടെത്തി അവരെ മുൻപന്തിയിലേക്ക് എത്തിക്കാൻ തീരുമാനിച്ചു.അതിന്റെ ഭാഗമായി ഗണിതത്തിന്റെ അടിത്തറയായ ചതുഷ്ക്രിയകൾ പരിശീലിപ്പിക്കാൻ തീരുമാനിച്ചു.

ഗണിത വിദഗ്ധരെ കൊണ്ടുവന്ന് കുട്ടികൾക്ക് ക്ലാസ് സംഘടിപ്പിക്കുക.

2024-25 അധ്യായന വർഷത്തെ വാർഷിക പരീക്ഷയുടെ അവലോകനം നടത്തി പഠന പിന്തുണ ആവശ്യമുള്ള കുട്ടികളെ കണ്ടെത്തി അവർക്ക്

ഗണിതത്തിൽ മുന്നോക്കം നിൽക്കുന്ന കുട്ടികളുടെ സഹായത്തോടു കൂടി Maths Clinic നടത്താൻ തീരുമാനിച്ചു.

ഹൈസ്കൂൾ തലത്തിൽ ക്ലാസ് തല ഗണിത മാഗസിൻ മത്സരം നടത്താൻ തീരുമാനിച്ചു.

സ്കൂൾതലത്തിൽ ഗണിതമേള സംഘടിപ്പിച്ച് അതിൽ നിന്നും വിവിധ ഐറ്റങ്ങളിൽ(Working model, Still model, charts...) കഴിവുള്ള കുട്ടികളെ കണ്ടെത്തി സബ്ജില്ലാതല ഗണിതശാസ്ത്രമേളയിൽ പങ്കെടുപ്പിക്കാൻ തീരുമാനിച്ചു.

Maths Talent Search Exam ന് ഹൈസ്കൂൾ തലത്തിൽ പ്രത്യേക പരിശീലനം നടത്തുന്നതിനായി തീരുമാനിച്ചു.

മാസത്തിൽ ഒരു തവണയെങ്കിലും ക്ലബ് അംഗങ്ങളുടെ യോഗം കൂടി അവർക്ക് ഗണിതത്തോട് താല്പര്യം ഉളവാക്കുന്ന പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുക.

Geogebra യിലൂടെ ഗണിത പാഠഭാഗങ്ങളെ കൂടുതൽ മനസ്സിലാക്കുക.

# എൽ പി പ്രവർത്തി പരിചയ ക്ലബ്

1. പേപ്പർ ഫ്ലവർ മേക്കിങ്
2. പ്ലാസ്റ്റിക് കുപ്പികയുടെ പുനരുപയോഗം
3. നൂലുകൾ ഉപയോഗിച്ച് പാറ്റേൺ തയ്യാറാക്കൽ
4. മുത്തുകൾ കൊണ്ടുള്ള ഉൽപ്പന്നം തയ്യാറാക്കൽ
5. പാള കൊണ്ടുള്ള പൂ നിർമ്മാണം

തുടങ്ങിയവ നിർമ്മിക്കാൻ കുട്ടികൾക്ക് പരിശീലനം നൽകുക

# ശ്രദ്ധ

ജൂൺ- 8,9 ക്ലാസുകളിൽ ഗണിതം ,മലയാളം ഇംഗ്ലീഷ് എന്നിവയിലെ ലളിതമായ ചോദ്യങ്ങൾ ഉൾപ്പെടുത്തി ഒരു പരീക്ഷ നടത്തുന്നു. ഇതിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു.

ജൂലൈ- ഇവരുടെ രക്ഷിതാക്കളെയും അധ്യാപകരെയും ഉൾപ്പെടുത്തി ഒരു പിടിഎ മീറ്റിംഗ് നടത്തുന്നു.

ജൂലൈ- മാർച്ച്- രാവിലെയും വൈകുന്നേരവും ഉച്ചത്തെ ഇടവേളയിലും സമയം കണ്ടെത്തി പ്രത്യേക ടൈംടേബിൾ പ്രകാരം വിഷയാടിസ്ഥാനത്തിൽ ഇവർക്ക് വേണ്ട ക്ലാസുകൾ നൽകി ഇവരെ പഠനത്തിൽ പുരോഗതിയിൽ എത്തിക്കാൻ ശ്രമിക്കുന്നു.

# വിജയശ്രീ

* ജൂൺ മാസം തന്നെ കുട്ടികളുടെ പഠനനിലവാരം മനസ്സിലാക്കാൻ ശ്രമിക്കുന്നു.

* അതനുസരിച്ച് ഓരോ പാഠത്തിന്റെയും നിലവാരത്തിനനുസരിച്ച് മോഡ്യൂളുകൾ തയ്യാറാക്കുന്നു.
* ജൂലൈ മാസത്തിൽ ഗൃഹ സന്ദർശനം നടത്താൻ തീരുമാനിച്ചിരിക്കുന്നു.
* ഓഗസ്റ്റ് മാസത്തിൽ ടേം മൂല്യ നിർണയം നടത്താൻ തീരുമാനിക്കുന്നു.
* ഓരോ മാസവും ക്ലാസ് ടെസ്റ്റുകൾ നടത്തി രേഖപ്പെടുത്തി വയ്ക്കാൻ തീരുമാനിച്ചിരിക്കുന്നു.
* എല്ലാ വിഷയങ്ങൾക്കും പൊതുവായ നോട്ട് പ്രാബല്യത്തിൽ വരുത്താൻ ശ്രമിക്കും
* നവംബർ അവസാനത്തോടെ പാഠഭാഗങ്ങൾ പൂർത്തീകരിക്കും.
* മോണിംഗ് ക്ലാസുകൾ ജൂണിൽ തന്നെ ആരംഭിക്കും
* കുട്ടികളെ നിലവാരത്തിനനുസരിച്ച് തരംതിരിച്ച് ഉയർന്ന ഗ്രേഡുകൾ ലഭിക്കാൻ വേണ്ടിയുള്ള പരിശീലനം നടത്തും.
* ബോധവൽക്കരണ ക്ലാസുകൾ, മോട്ടിവേഷൻ ക്ലാസുകൾ, വിവിധ വിഷയങ്ങളിൽ പ്രഗൽഭ്യം നേടിയ വ്യക്തികളുടെ ക്ലാസുകൾ എന്നിവ നടത്താൻ തീരുമാനിച്ചു
* രക്ഷിതാക്കളുടെ മീറ്റിംഗ് കൂടി പത്താം ക്ലാസിലെ പ്രാധാന്യത്തെക്കുറിച്ചും അതിൽ രക്ഷിതാക്കളുടെ പങ്കിനെ കുറിച്ചും ബോധവൽക്കരിക്കാൻ തീരുമാനിച്ചു.
* നല്ലൊരു വിജയം കാഴ്ചവെക്കാൻ അധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹകരണം ഉറപ്പാക്കിക്കൊണ്ട് വിജയശ്രീ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ തീരുമാനിച്ചു

# ഹരിത ക്ലബ് പ്രവർത്തനങ്ങൾ

" പ്ലാസ്റ്റിക് ഉപയോഗം കുറക്കാം പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കാം " എന്ന ക്യാമ്പയിൻ ജൂൺ 5 ന് ECO-SABARI പരിസ്ഥിതി ക്ലബ് രൂപീകരണം

പരിസ്ഥിതി വാരാഘോഷത്തിൽ നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

1. കുട്ടികളിലെ പ്ലാസ്റ്റിക് ബോക്സിന്റെ ഉപയോഗം കുറക്കുകയും പ്രകൃതി ദോഷകരമല്ലാത്ത തുണി കൊണ്ടുള്ള പെൻസിൽ പൗച്ച് നിർമ്മാണ പരിശീലനം
2. പ്ലാസ്റ്റിക് ക്യാരി ബാഗുകൾ പ്രകൃതി ദോഷകരമാണ് എന്നതിനെക്കുറിച്ച് കുട്ടികൾക്ക് അവബോധം നൽകുകയും പേപ്പർ ബാഗ് നിർമ്മാണ പരിശീലന ശില്പശാല
3. പ്ലാസ്റ്റിക് പേനയുടെ മാലിന്യം കുറക്കുന്നതിനും പ്രകൃതിക്ക് ഗുണകരമായ സസ്യജാലങ്ങൾ വളർത്തുന്നതിനും ആയി വിത്ത് പേന നിർമ്മാണ പരിശീലനം
4. വലിച്ചെറിയപ്പെടുന്ന പ്ലാസ്റ്റിക് വസ്തുക്കൾ കൊണ്ട് പുനരുപയോഗ സാധ്യമായ വസ്തുക്കളുടെ നിർമ്മാണം എന്ന ലക്ഷ്യത്തോടെ ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ബോട്ടിലുകളിൽ പൂ ചെടികൾ നട്ട് ഹാങ്ങിങ് പൂന്തോട്ടം നിർമ്മാണം

*5. വലിച്ചെറിയപ്പെടുന്ന പ്ലാസ്റ്റിക് മാലിന്യത്തിൽ നിന്നും ക്ലാസ് റൂമിലേക്ക് ആവശ്യമായ,പഠനം കൂടുതൽ രസകരമാക്കാറായി ബോട്ടിൽ പപ്പറ്റ് നിർമ്മാണ പരിശീലനം നടത്തി. ബോട്ടിൽ പപ്പറ്റ് ഷോ സംഘടിപ്പിക്കുക*

*1.പ്രകൃതി സംരക്ഷണത്തിനോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച കുട്ടികൾ വിരൽ പതിപ്പിച്ച മരം തയ്യാറാക്കൽ*
*2. സ്കൂളിൽ പുതിയ പഴച്ചെടികൾ കുട്ടിക പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായി ഡ്രാഗൺ ഫ്രൂട്ട് തൈകൾ ,ഗോൾഡൻ പപ്പായ തൈകൾ, പൈനാപ്പിൾ എന്നിവ നട്ട് പഴത്തോട്ടം തയ്യാറാക്കുക*
*3. ചിലവ് കുറഞ്ഞ തിരിനന സംവിധാനം പരിചയപ്പെടുത്തൽ*
*4. പച്ചക്കറി തോട്ടം തയ്യാറാക്കൽ*
*5. ബഡ്ഡിങ്,ഗ്രാഫ്റ്റിംഗ് പരിശീലനം*

# നാഷണൽ മീൻസ് സ്കോളർഷിപ്പ്

2024-25 അധ്യായന വർഷത്തെ NMMS Exam എഴുതാൻ താല്പര്യമുള്ള കുട്ടികളെ എട്ടാം ക്ലാസിൽ നിന്നും തെരഞ്ഞെടുക്കും . കുട്ടികൾക്കായി ഓറിയന്റേഷൻ ക്ലാസ് നടത്തും

. എൻ എം എം എസ് എക്സാം സിലബസ് അനുസരിച്ച് പരിശീലന ക്ലാസുകൾ ആരംഭിക്കാ ൻ തീരുമാനിച്ചു മുൻവർഷത്തെ ചോദ്യപേപ്പറുകളും ക്വസ്റ്റ്യൻ ബാങ്കുകളും കുട്ടികൾക്ക് സ്കൂൾ ലൈബ്രറിയിൽ നിന്നും ആവശ്യത്തിനനുസരിച്ച് ലഭ്യമാക്കി

പൂർവ്വ വിദ്യാർത്ഥികളുടെ സഹായത്തോടുകൂടി പരിശീലന ക്ലാസുകൾ സംഘടിപ്പിക്കും

*June - NMMS 2025-26 വർഷത്തേക്കുള്ള കുട്ടികളുടെ selection*

*August - orientation class*
*PTA meeting*
*September - NMM s s yllabus അനുസരിച്ചുള്ള class കൾ*
*October - Model exam - 1*
*November - നിശ്ചിത പാഠഭാഗങ്ങൾ അനുസരിച്ചുള്ള ക്ലാസുകൾ*
*Model exam - 2*

*December - final exam*

## ലോവർ സെക്കൻഡറി സ്കോളർഷിപ്പ്

**ജൂൺ മാസത്തിൽ തന്നെ ആറാം ക്ലാസിലെ ആനുവൽ എക്സാമിന് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ച കുട്ടികളെ സെലക്ട് ചെയ്യുന്നു.**

**ജൂലൈ മാസത്തിൽ ക്ലാസ് ടെസ്റ്റുകൾ നടത്തുന്നു. സ്ക്രീനിംഗ് ടെസ്റ്റുകളുടെ അടിസ്ഥാനത്തിൽ മികച്ച മാർക്ക്നേടിയ കുട്ടികളെ കണ്ടെത്തുന്നു.**

**ടൈംടേബിൾ അനുസരിച്ച് മോണിംഗ് ക്ലാസുകൾ നടത്തിക്കൊണ്ട് പരിശീലനം ആരംഭിക്കുന്നു.**

**ഓഗസ്റ്റ് മാസത്തിൽ കഴിഞ്ഞവർഷം USS ലഭിച്ച കുട്ടികളെ അനുമോദിക്കുന്നു. ഈ വർഷം USS ന് വേണ്ടി തിരഞ്ഞെടുത്ത കുട്ടികളുടെ രക്ഷിതാക്കളെ കൂടി പങ്കെടുപ്പിച്ചുകൊണ്ട് മീറ്റിംഗ് സംഘടിപ്പിക്കുന്നു.**

**സെപ്റ്റംബർ മാസത്തിൽ നടക്കുന്ന ഓണപ്പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ ഫൈനൽ സ്ക്രീനിലൂടെ കുട്ടികളെ സെലക്ട് ചെയ്യുന്നു .**

**മുൻവർഷ ചോദ്യ പേപ്പറുകൾ പരിചയപ്പെടുത്തുകയും പരീക്ഷകൾ OMR answer sheet ഉപയോഗിച്ച് തന്നെ കുട്ടികളെ പരിശീലിപ്പിക്കുകയും ചെയ്യുന്നു.**

**കുട്ടികൾക്ക് വിദഗ്ധരായവിരിൽ നിന്ന് തന്നെ മികച്ച പരിശീലനം നൽകുന്നു. ക്ലാസുകൾ സംഘടിപ്പിക്കുന്നു.**

**മോർണിംഗ് ക്ലാസുകൾ ആയും ഹോളിഡേയ്സിൽ ഓൺലൈൻ ക്ലാസുകൾ ആയുംപരിശീലനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്.**

## അപ്പർ സെക്കൻഡറി സ്കോളർഷിപ്പ്

***ജൂൺ മാസത്തിൽ തന്നെ ആറാം ക്ലാസിലെ ആനുവൽ എക്സാമിന് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ച കുട്ടികളെ സെലക്ട് ചെയ്യുന്നു.***

***ജൂലൈ മാസത്തിൽ ക്ലാസ് ടെസ്റ്റുകൾ നടത്തുന്നു. സ്ക്രീനിംഗ് ടെസ്റ്റുകളുടെ അടിസ്ഥാനത്തിൽ മികച്ച മാർക്ക്നേടിയ കുട്ടികളെ കണ്ടെത്തുന്നു.***

***ടൈംടേബിൾ അനുസരിച്ച് മോണിംഗ് ക്ലാസുകൾ നടത്തിക്കൊണ്ട് പരിശീലനം ആരംഭിക്കുന്നു.***

ഓഗസ്റ്റ് മാസത്തിൽ കഴിഞ്ഞവർഷം USS ലഭിച്ച കുട്ടികളെ അനുമോദിക്കുന്നു. ഈ വർഷം USS ന് വേണ്ടി തിരഞ്ഞെടുത്ത കുട്ടികളുടെ രക്ഷിതാക്കളെ കൂടി പങ്കെടുപ്പിച്ചുകൊണ്ട് മീറ്റിംഗ് സംഘടിപ്പിക്കുന്നു.

സെപ്റ്റംബർ മാസത്തിൽ നടക്കുന്ന ഓണപ്പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ ഫൈനൽ സ്ക്രീനിലൂടെ കുട്ടികളെ സെലക്ട് ചെയ്യുന്നു .

മുൻവർഷ ചോദ്യ പേപ്പറുകൾ പരിചയപ്പെടുത്തുകയും പരീക്ഷകൾ OMR answer sheet ഉപയോഗിച്ച് തന്നെ കുട്ടികളെ പരിശീലിപ്പിക്കുകയും ചെയ്യുന്നു.

കുട്ടികൾക്ക് വിദഗ്ധരായവിരിൽ നിന്ന് തന്നെ മികച്ച പരിശീലനം നൽകുന്നു. ക്ലാസുകൾ സംഘടിപ്പിക്കുന്നു.

മോർണിംഗ് ക്ലാസുകൾ ആയും ഹോളിഡേയ്സിൽ ഓൺലൈൻ ക്ലാസുകൾ ആയുംപരിശീലനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

## scouts& Guides

* എല്ലാ മാസവും ഒരു ദിവസം School ഉം പരിസരവും clean ചെയ്യാൻ തീരുമാനിച്ചു
* July 25. സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള ഒരു കുട്ടിക്ക് വീട്ടിലേക്ക് നിത്യോപയോഗ സാധനങ്ങൾ നൽകും

Aug 5 ലഹരി വിരുദ്ധ ക്ലാസ്സ് നടത്തും

* Sep 20 ഓണത്തോടനുബന്ധിച്ച് ഒരു നിർദ്ധനനായ കുട്ടിക്ക് പുതുവസ്ത്രം നൽകും
* oct 15
* Differently abled ആയ School ൽ പഠിക്കുന്ന ഒരു കുട്ടിയെ സന്ദർശിക്കും. '
* Nov 7
* Scout &Guides മായി ബന്ധപ്പെട്ട ഒരു motivation class നൽകും
* Dec 8,9,10
* Annual camp( Camp നോടനുബന്ധിച്ച് food fest ,hiking എന്നിവ നടത്തും)
* Feb 2
* scout& Guides Law യുമായി ബന്ധപ്പെട്ട് ഒരു skit മൽസരം നടത്തും

## ജൂനിയർ റെഡ് ക്രോസ്

ജൂൺ, ജൂലൈ -ലഹരി വിരുദ്ധ ദിനാചരണം,എ ലെവൽ വിദ്യാർഥികളെ തിരഞ്ഞെടുക്കൽ, പരിസ്ഥിതി ദിനാചരണം

ഓഗസ്റ്റ് -സ്വാതന്ത്ര്യ ദിനാചരണം,

സെപ്റ്റംബർ/ ഒക്ടോബർ -അധ്യാപക ദിനാചരണം /എ ബി ലെവൽ പരീക്ഷയ്ക്കുള്ള തയ്യാറെടുപ്പ്

നവംബർ -ശിശുദിനാചരണം, വൃദ്ധസദന സന്ദർശനം

ഡിസംബർ - സ്കൂൾ തല ക്യാമ്പ്

ജനുവരി,
ഫെബ്രുവരി-സ്കൂൾതല സെമിനാർ,സി ലെവൽ വിദ്യാർത്ഥികളുടെ പരീക്ഷ ഒരുക്കങ്ങൾ,ജീവകാരുണ്യ പ്രവർത്തനങ്ങൾ

# Yip ശാസ്ത്രപദം 7.

**ഹൈസ്കൂൾ വിഭാഗം ആശയ സമർപ്പണത്തിനായി വിദ്യാർഥികളുടെ പങ്കാളിത്തം ഉറപ്പാക്കാൻ ഉള്ള പദ്ധതികൾ ആസൂത്രണം ചെയ്തു.**
**ഈ പരിപാടിയുടെ വിജയത്തിനായി K ഡിസ്കിന്റെ സഹായം പ്രയോജനപ്പെടുത്താൻ തീരുമാനിച്ചു. ഓരോ ക്ലാസിലെയും കുട്ടികളിൽ നിന്നും ആശയങ്ങൾ സ്വീകരിക്കാനുംതീരുമാനിച്ചു**

# INSPIRE AWARD

**മുൻവർഷങ്ങളിലേതു പോലെ തന്നെ ഇൻസ്പെയർ അവാർഡിനായി അപേക്ഷിക്കാൻ കുട്ടികളെ തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനമായി**

***സർഗം ആർട്ട്സ് ക്ലബ്***

കുട്ടികളിലെ കലാവാസനകളെ കണ്ടെത്തി പരിപോഷിപ്പിക്കാനും മത്സരവേദികളിലേക്ക് പ്രാപ്തരാക്കുന്നതിനുമായി 2025-26 അധ്യായന വർഷത്തിൽ വിവിധങ്ങളായ പ്രവർത്തനങ്ങളാണ് സർഗം ആർട്ട്സ് അക്കാദമി മുന്നോട്ടു വെക്കുന്നത്.

സംഘടനാരൂപീകരണം

ജൂൺ:- ജൂൺ മാസത്തിൽ തന്നെ Club രൂപികരിക്കുകയും അംഗങ്ങൾക്കുവേണ്ട നിർദ്ദേശങ്ങൾ നൽകുകയും, whatsapp ഗ്രൂപ്പ് ആരംഭിക്കുകയും ചെയ്യുന്നു.

ജൂലൈ :- Club അംഗങ്ങളായ അധ്യാപകരുമായി കൂടിയാലോചിച്ച് LP ,UP ,HS - കുട്ടികളുടെ സ്വതന്ത്ര സർഗാത്മക കഴിവുകൾ കണ്ടെത്തുന്നു.

ആഗസ്റ്റ്, സെപ്റ്റംബർ :- സൂംബ നൃത്താവതരണത്തിനായി കുട്ടികളെ സജ്ജരാക്കുന്നു. വിവിധതരം കലകളെ പരിചയപ്പെടുത്തനായി ഡെമോൺസ്ട്രേഷൻ ക്ലാസുകൾ സംഘടിപ്പിക്കുന്നു. കലാകാരന്മാരെ പരിചയപ്പെടാനും അവരുമായി സംവദിക്കാനുമുള്ള അവസരമൊരുക്കുന്നു.

ഒക്ടോബർ :- ചിത്രരചന,( പെൻസിൽ ജലച്ചായം) സർഗാത്മക രചന( കഥ ,കവിത ഉപന്യാസം) തുടങ്ങിയവയിൽ താൽ പര്യമുള്ള കുട്ടികൾക്ക് അവരുടെ നൈപുണി വളർത്താനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

നവംബർ ,ഡിസംബർ ,ജനുവരി :- കലാമേളകൾക്ക് മുന്നോടിയായി പ്രധാനാധ്യാപകൻ്റെ നേതൃത്വത്തിൽ മീറ്റിംഗ് നടത്തുന്നു. മാർഗനിർദേശങ്ങൾ ക്രോഡീകരിച്ച് വിശദാംശങ്ങൾ നോട്ടീസ് ബോർഡിൽ പങ്കുവെക്കുന്നു . നിർദ്ദേശിക്കപ്പെട്ട അധ്യപകർക്ക് ഓരോ ഇനങ്ങളുടെയും മേൽനോട്ടം നൽകി കുട്ടികളെ മത്സരത്തിനായി സജ്ജരാക്കുന്നു. പരിശീലനങ്ങളിൽ അധ്യാപകരുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നു. പരമാവധി ഇനങ്ങളിൽ( ജനറൽ, അറബി, ഉറുദു, സംസ്കൃതം) പങ്കാളിത്തം ഉറപ്പുവരുത്തുന്നു.

ഫെബ്രുവരി :-

*മത്സര വിജയികൾക്കുള്ള അനുമോദനം , കലാപ്രകടനാവസരം, യോഗാ ക്ലാസുകൾ എന്നിവ നടത്തുന്നു*

*എല്ലാ മാസങ്ങളിലും സാഹിത്യ സമാജം സംഘടിപ്പിക്കുന്നു*

## *EIFA ശബരി സ്പോർട്സ് അക്കാദമി*

*2025-26 അധ്യായന വർഷത്തിലെ EIFA ശബരി സ്പോർട്സ് അക്കാദമിയുടെ പ്രവർത്തനങ്ങൾ വേനലവധിക്കാലത്തു തന്നെ തുടക്കം കുറിച്ചു, തുടക്കത്തിൽ 10 ദിവസത്തെ വേനലവധി ഫുട്ബോൾ ക്യാമ്പും ബാഡ്മിന്റൺ ക്യാമ്പും നടത്തുകയുണ്ടായി ഇതിൽ 100 ഇൽ അധികം വിദ്യാർത്ഥികൾ നമ്മുടെ സ്കൂളിൽ നിന്നും ഉള്ളവരും അല്ലാത്തവരും ആയി പങ്കെടുത്തു. ശേഷം സെലക്ഷൻ നടത്തിക്കൊണ്ട് കുട്ടികളുടെ പ്രയാടിസ്ഥാനത്തിൽ ഗ്രൂപ്പ് തിരിച്ച് കൊണ്ട് ക്യാമ്പ് തുടർന്ന് പോരുന്നു.*

*2025-26 വർഷത്തിലേക്കുള്ള അത്ലറ്റിക്സ് നും ഗെയിംസ് നും വേണ്ടി കുട്ടികളെ ഇതിനോടകം തന്നെ തയ്യാറെടുപ്പുകൾ നടത്തി പരിശീലനത്തിലൂടെ സജീവമാക്കിയിട്ടുണ്ട് ഈ വർഷം സബ്ജില്ല, ജില്ല, സംസ്ഥാനം എന്നീ തലങ്ങളിൽ നല്ലരീതിയിലുള്ള പങ്കാളിത്തം ഉറപ്പ് വരുത്താൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു. അതോടൊപ്പം വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം,*

*ജീവിത ശൈലി രോഗങ്ങൾ പോലുള്ള വിപത്തുകളിൽ നിന്നും നമ്മുടെ വിദ്യാർത്ഥികളെ മാനസികമായും ശരീരികമായും പ്രതിരോധിക്കാൻ സജ്ജരാക്കി മാറ്റുവാനും നമ്മുടെ സ്പോർട്സ് അക്കാദമിയിലൂടെ സാധിക്കും.*

*ഇത്തരത്തിൽ ഒരു വിദ്യാർത്ഥിക്കാവശ്യമായ സർവമേഖലയിലും വിദ്യാർത്ഥികളെ സജ്ജരാക്കി ക്കൊണ്ട് മുൻപോട്ടു പോകുവാൻ സ്പോർട്സ് അക്കാദമി തയ്യാറായി കഴിഞ്ഞു.*

## ശബരി ചാരിറ്റബിൾ ട്രസ്റ്റ്

----------------------------------

സാമ്പത്തികം പഠനത്തിന് തടസ്സമാകുന്നില്ല. മിതമായ നിരക്കിൽ സ്കൂൾ ബസ് സൗകര്യം ഒരുക്കിയിട്ടുണ്ട്. ഇതിൽ അധ്യാപകർ ഗൃഹ സന്ദർശനത്തിലൂടെ കണ്ടെത്തിയ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കുട്ടികൾക്ക് ഒരു മാസം

135000/ത്തോളം രൂപ ബസ് ചാർജിൽ ഇളവനുവദിക്കുന്നുണ്ട്.ഫ്രീ നോട്ട് ബുക്ക്സ് ഫ്രീ യൂണിഫോം പഠനോപകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നുണ്ട്.
ഉച്ചഭക്ഷണ പരിപാടിയിൽ KG മുതൽ പ്ലസ് ടു വരെയുള്ള എല്ലാ കുട്ടികൾക്കും 8th std വരെ ഗവണ്മെന്റ് പദ്ധതിയിലൂടെയും ബാക്കി കുട്ടികൾക്കും അധ്യാപകർക്കും മറ്റു ജീവനക്കാർക്കും ചാരിറ്റബിൾ ട്രസ്റ്റിന്റെ സഹായത്തോടുകൂടിയും ഉച്ചഭക്ഷണം ലഭ്യമാക്കുന്നുണ്ട്.

## സുരക്ഷ ഇൻഷുറൻസ് പദ്ധതി

---------------------------------

സ്കൂളിലെ നിരവധി കുട്ടികൾക്ക് പരിക്കുകൾ ഉണ്ടാവാറുണ്ട് ചികിത്സയ്ക്ക് നല്ല ചെലവ് വരാറുണ്ട് രക്ഷിതാക്കൾ ഏറെ പാവപ്പെട്ടവരും സാധാരണ തൊഴിലാളികളും ആണ് കേവലം 40 രൂപ വാർഷിക പ്രീമിയം അടച്ചുകൊണ്ട് RS 25000 /രൂപ വരെ ആക്സിഡന്റ് ചികിത്സ ചെലവും ലൈഫ് കവറേജും ലഭിക്കുന്നപദ്ധതിയിൽ അംഗമാകുന്നു
സ്കൂളിലെ മുഴുവൻ കുട്ടികളും ഇൻഷുറൻസ് പദ്ധതിയിൽ അംഗമാകുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങും.വലിയ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരും ങ്ങളിൽ താമസിച്ചു പഠിക്കുന്നവരും ആയ 200 കുട്ടികൾക്കുള്ള തുക പാചകം ക്ലബ്ബ് കണ്ടെത്തണമെന്ന് തീരുമാനിച്ചിട്ടുണ്ട്

## സയൻസ് പാർക്ക്

------------------------

കുട്ടികൾക്ക് ആവേശകരവും രസകരവുമായ നിർദ്ദേശങ്ങളും ചിത്രങ്ങളും അടങ്ങിയ വിശാലമായ സയൻസ് പാർക്ക് സ്കൂളിന്റെ മികവിന് മുതൽക്കൂട്ടാവുന്നു.

## ഐ ടി ലാബ്

------------------

എൽ പി മുതൽ ഹൈസ്കൂൾ തലം വരെയുള്ള കുട്ടികൾക്കായി അഞ്ചു റൂമുകളിലായി ഐ ടി പഠനാർത്ഥംസജ്ജമാക്കിയ അന്താരാഷ്ട്ര നിലവാരമുള്ള ഐടി ലാബ്

## വർത്തമാന പത്രം

----------------

പിടിഎ യുടെ സഹായത്തോടെ മുഴുവൻ ക്ലാസുകളിലും പത്രം വിതരണം ചെയ്യുന്നു

## മിൽമ ഔട്ട്ലെറ്റ്

----------------

കുട്ടികൾക്ക് ലഘു ഭക്ഷണവും ശുദ്ധമായ പാനീയവും സ്കൂളിനകത്ത് തന്നെ ലഭിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്

## സ്കൂൾ കോപ്പറേറ്റീവ് സൊസൈറ്റി

--------------------------------

കുട്ടികൾക്ക് അത്യാവശ്യമായി വേണ്ട പേന,പെൻസിൽ നോട്ടുബുക്ക് ഇവിടെ ലഭ്യമാണ്.കൂടാതെ കൃത്യമായ പാഠപുസ്തക വിതരണത്തിനും ഇത് സഹായിക്കുന്നു

## സ്റ്റീം കിച്ചൺ

--------------------

കുട്ടികൾക്ക് വൃത്തിയുള്ള ഉച്ചഭക്ഷണം ഒരുക്കുന്നതിനുള്ള സംവിധാനം

## നഴ്സിംഗ് സ്റ്റേഷൻ

-----------------

കുട്ടികൾക്ക് പെട്ടെന്നുണ്ടാകുന്ന അസുഖങ്ങൾക്ക് ഫസ്റ്റ് എയ്ഡ് സഹായങ്ങളുമായി ഒരു നേഴ്സ് സ്കൂളിൽവർക്ക് ചെയ്യുന്നു.നഴ്സിംഗ് റൂം ക്രമീകരിച്ചിട്ടുണ്ട് . കുട്ടികൾക്ക് റസ്റ്റ് ചെയ്യാനുള്ള സൗകര്യവും ഉണ്ട്

## സ്കൂൾ ഏറ്റെടുക്കുന്ന സ്വതന്ത്ര -സന്നദ്ധ പ്രവർത്തനം

# പാഥേയം

**സ്കൂൾ ചാരിറ്റി കൂട്ടായ്മ - ടീം ശബരി**
**ചെയർമാൻ- എച്ച് എം**
**കൺവീനർ- വിദ്യ.പി**
**ജോയിന്റ് കൺവീനർ - ഫൗസിയ പി .എം**
**കമ്മിറ്റി അംഗങ്ങൾ - സ്കൂൾ ലീഡർ**
**സ്റ്റുഡന്റ് കൺവീനർ**
**ടീം ശബരിയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നവർ**
**കാലയളവ്: ഒരു അക്കാദമിക വർഷം മുഴുവൻ**
**പാഥേയം :-എന്ത്? എന്തിന്?**

**വിദ്യാലയം നടത്തുന്ന നൂതനാശയം പദ്ധതിയുടെ പേരാണ് പാഥേയം വ്യക്തിഗത നേട്ടങ്ങൾക്കപ്പുറം സമൂഹനന്മ കൂടി ലക്ഷ്യമാക്കുന്ന പദ്ധതി. സാമൂഹിക ജീവിയായി മനുഷ്യനായി ഒരു കുട്ടിയെ രൂപപ്പെടുത്തി എടുക്കുന്നതിനാണ് വിദ്യാഭ്യാസം. തെറ്റുകൾ തിരുത്താനും ശരികൾ തിരിച്ചറിയാനും. അവസരം നിരാലംബരുവായവരോടും സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവരോടും സ്നേഹവും കരുണയും കരുതലും കാണിക്കേണ്ടത് തന്റെ സാമൂഹിക ഉത്തരവാദിത്തമാണ് എന്ന യാഥാർത്ഥ്യത്തിലേക്ക് കുഞ്ഞുങ്ങളെ നയിക്കുന്നതിനുതകുന്ന വൈവിധ്യങ്ങളായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക എന്നതാണ് പാഥേയം പദ്ധതിയിലൂടെ ഞങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് സ്നേഹം കൊണ്ടും പരിഗണന കൊണ്ടും മനസ്സ് നിറയ്ക്കുന്ന ഒരു തലമുറയെ വാർത്തെടുക്കുന്ന ഭാവന പൂർണമായ പദ്ധതിയാണിത്**

**ലക്ഷ്യം:-**

***മൂല്യാധിഷ്ഠിത വിദ്യാഭ്യാസം - അവനവനിലേക്ക് ചുരുങ്ങുന്ന വർത്തമാനകാല സമൂഹത്തെ ബഹുസ്വരതയിലേക്കും മോഹിത ഉത്തരവാദിത്വത്തിന്റെ പ്രാധാന്യം തിരിച്ചറിയാനും കഷ്ടപ്പെടുന്നവരെ സഹായിക്കുക എന്നത് തന്റെ കടമയാണെന്നും കരുതലും സ്നേഹവും ലഭിക്കുക എന്നത് അത് അർഹിക്കുന്നവരുടെ അവകാശമാണെന്നും ആരുടെയും ഔദാര്യമല്ലെന്നും പ്രവർത്തനങ്ങളിലൂടെയും ഒട്ടേറെ അനുഭവങ്ങളിലൂടെയും നേരിട്ട് ബോധ്യപ്പെടുന്ന പഠനാന്തരീക്ഷം ബോധപൂർവ്വം ഒരുക്കുക എന്നതാണ് ലക്ഷ്യം.***

# HSS

*NSS സെല്ലിന്റെ പ്രവർത്തനങ്ങൾ*
*ഓറിയന്റേഷൻ ക്ലാസുകൾ*
*സന്നദ്ധം*
*സത്യമേവ ജയതേ ഭരണഘടനയെ കുറിച്ചുള്ള ക്ലാസ്സ്*
*സമദർശൻ ലിംഗ സമത്വം ലഹരി വിരുദ്ധ ക്ലാസുകൾ ഉജ്ജീവനം*
*കമ്മ്യൂണിറ്റി പ്രവർത്തനങ്ങൾ മാലിന്യമുക്ത മഴക്കാലം സമൃദ്ധി*
*കൊക്കെ ഡാമ*
*ഗ്രീൻ ഗാഡിയൻസ് ഉപജീവനം*
*ഹരിത ഭൂമി*
*കരുതും കരങ്ങൾ വയോജനങ്ങൾക്കുള്ള പ്രത്യേക പരിപാടി*
*കാവലാൾ ലഹരി വിരുദ്ധ പ്രവർത്തനം*
*ഉൽപ്പന്ന നിർമ്മാണം വിതരണം*
*പാലിയേറ്റീവ് വർക്ക്*
*ജീവദ്യുതി ബ്ലഡ് ഡൊണേഷൻ ക്യാമ്പ്*
*ജീവാമൃതം*
*കാഴ്ച*
*ആരോഗ്യ ക്യാമ്പ്*
*ക്യാമ്പസ് പ്രവർത്തനങ്ങൾ*
*ഒരു ദിനം ഒരു അറിവ്*
*ഗ്രീൻ ക്യാമ്പസ് ക്ലീൻ ക്യാമ്പസ് കുട്ടികൾക്കായുള്ള ആരോഗ്യ ക്യാമ്പ്*
*തെളിമ*
*പുസ്തക പ്രദർശനം*
*വെജിറ്റബിൾ ഗാർഡൻ*
*അധ്യാപക ദിനം*
*എൻഎസ്എസ് ദിനാചരണം*
*ഫുഡ് ഫെസ്റ്റ്*
*ശബരി ഹയർ സെക്കൻഡറി സ്കൂൾ പള്ളിക്കുറുപ്പ്*
*നാഷണൽ സർവീസ് സ്കീം*

2025 - 26 വർഷത്തെ പ്രവർത്തനങ്ങൾ *എൻഎസ്എസ് സെൽ നിർദ്ദേശിച്ച പ്രവർത്തനങ്ങൾ

*വിവിധ ബോധവൽക്കരണ ക്ലാസുകൾ

*ഹരിതം പദ്ധതിയിൽ കൃഷി ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും വിൽപ്പന നടത്തുകയും ചെയ്യുന്നു
*ഉപജീവനം പദ്ധതിയിൽ ആടിനെ നൽകൽ
*ശുചീകരണത്തിന്റെ ഭാഗമായി എല്ലാദിവസവും സ്കൂളും പരിസരവും വൃത്തിയാക്കുക
*ദത്ത് ഗ്രാമത്തിലെ പ്രായമായവരെ സന്ദർശിക്കുക *എൻഎസ്എസ് ദിനത്തിൽ വൃദ്ധസദനങ്ങൾ, സ്പെഷ്യൽ സ്കൂളുകൾ എന്നിവ സന്ദർശിക്കുക
*ജീവിതശൈലി രോഗനിർണയ ക്യാമ്പ് നടത്തുക.
*കുട്ടികളുടെ സർഗ്ഗവാസന കണ്ടെത്തി പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതി നടപ്പിലാക്കുക.
*അംഗൻവാടി കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകൽ.

# Thank you